# ലോഗോസ് പഠനസഹായി 2023

## പ്രഭാഷകൻ

ഹോക്മാ (Hokma) എന്ന ഹീബ്രുപദവും, സോഫിയ (Sophia) എന്ന ഗ്രീക്കുപദവും 'വിജ്ഞാനത്തെ സൂചിപ്പിക്കാൻ' വി. ഗ്രന്ഥത്തിൽ ഉപയോഗിക്കുന്നു. ഈ രണ്ടുപദങ്ങൾക്കും വ്യത്യസ്ത അർഥതലങ്ങളുണ്ട്. പഴയനിയമത്തിലെ ജോബ്, സുഭാഷിതങ്ങൾ, സഭാപ്രസംഗകൻ, ഉത്തമഗീതം, ജ്ഞാനം, പ്രഭാഷകൻ എന്നീ ഗ്രന്ഥങ്ങളെ വിജ്ഞാനഗ്രന്ഥങ്ങൾ എന്നു വിളിക്കുന്നു. വിജ്ഞാനവും വിജ്ഞാനഗ്രന്ഥങ്ങളും ഇസ്രായേൽക്കാരുടെ മാത്രം കുത്തകയല്ല. മധ്യപൂർവദേശങ്ങളിലെ വിജ്ഞാനവും വിജ്ഞാനസാഹിത്യവുമായി ബന്ധപ്പെട്ടാണ് ഇപ്രകാരമൊരു സാഹിത്യം ഇസ്രായേൽക്കാരുടെയിടയിലും ഉദയം ചെയ്തത്.

പുരാതന മധ്യപൂർവദേശങ്ങളായ ഈജിപ്ത്, സിറിയ, മെസെപ്പൊട്ടോമിയ എന്നിവിടങ്ങളിൽ വിജ്ഞാനസാഹിത്യം നിലവിലുണ്ടായിരുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഈജിപ്തിൽനിന്ന് 20വിജ്ഞാനഗ്രന്ഥങ്ങളും 13 സെബായിത് (അധ്യാപനം) ഗ്രന്ഥങ്ങളും 7 തത്ത്വശാസ്ത്രസംബന്ധമായ വിജ്ഞാനഗ്രന്ഥങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. ബി.സി. 2700മുതൽ ഗ്രീക്കുകാരുടെ അധിനിവേശകാലംവരെ ഈജിപ്തിൽ വിജ്ഞാനസാഹിത്യം വളരെ ശക്തമായിരുന്നു. പ്താ-ഹൊനേഫ് (ബി.സി. 2450), മെറിക്കാരെ (ബി.സി. 2100) അമ്മേനെം-ഹെത് (ബി.സി. 1960) ഹോർദെദെപ്പ് (ബ.സി. 1150) ആനി (19-ാം രാജവംശം) അമ്മേനെം-ഒപെത് (ബി.സി. 10മുതൽ 6-ാം നൂറ്റാണ്ടുവരെ) എന്നിവരുടെ പ്രബോധനങ്ങൾ ഈജിപ്തിലെ വിജ്ഞാനഗ്രന്ഥങ്ങൾക്ക് ഉദാഹരണങ്ങളാണ്.

അറമായിക്കിലുള്ള 'അഹിറാക്കിന്റെ പുസ്തകം' വിജ്ഞാനസാഹിത്യത്തിൽപ്പെടുന്നു. സുഭാഷിതം 10 മുതലുള്ള അധ്യായങ്ങളിൽ ഈ പുസ്തകത്തിന്റെ സ്വാധീനം കാണാം. അക്കാദിമിയൻ ഭാഷയിൽ എഴുതപ്പെട്ട വിജ്ഞാനഗ്രന്ഥങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈജിപ്തുകാരുടെ 'മനുഷ്യനും ആത്മാവും തമ്മിലുള്ള ഭാഷണം' ബാബിലോണിയൻ പദ്യമായ 'വിജ്ഞാനത്തിന്റെ കർത്താവ്', 'യജമാനനും ദാസനും തമ്മിലുള്ള ഭാഷണം', 'മനുഷ്യന്റെ ദുരിതങ്ങൾ' എന്നിവ വിജ്ഞാനസാഹിത്യത്തിൽപ്പെടുന്ന ഗ്രന്ഥങ്ങളാണ്. ഇവയിലൊക്കെ മനുഷ്യജീവിതത്തിലെ നീതി, നീതിമാന്റെ പരാജയം, ദുഷ്ടന്റെ വിജയം തുടങ്ങിയവ ചർച്ച ചെയ്യുന്നുണ്ട്. ഒരുപക്ഷേ, ആ നാടുകളിൽ നടമാടിയ പട്ടിണിയും ദുരിതവും രോഗവും യുദ്ധവുമൊക്കെയായിരിക്കാം വിജ്ഞാനഗ്രന്ഥങ്ങളുടെ ഭാഗമായി ഇപ്രകാരമുള്ള വിഷയങ്ങൾ വരാൻ കാരണം.

### പ്രഭാഷകഗ്രന്ഥം

ബൈബിളിലെ ഏറ്റവും നീളമുള്ള ജ്ഞാനഗ്രന്ഥമാണ് പ്രഭാഷകൻ: 51 അധ്യായങ്ങൾ. വുൾഗാത്താ (ലത്തീൻ) വിവർത്തനത്തിൽ ലഭിച്ച എക്ലേസിയാസ്റ്റിക്കൂസ് (സഭാപരമായ[പുസ്തകം]) എന്ന പേരിൽനിന്നാണ് പ്രഭാഷകൻ എന്ന മലയാളനാമം ഗ്രന്ഥത്തിന് ലഭിച്ചത്. സുഭാഷിതങ്ങളുടെ ശൈലിയിലുള്ള ചെറിയ സൂക്തങ്ങൾക്ക് പുറമേ ദൈർഘ്യമുള്ള ചർച്ചകളും പുസ്തകത്തിലുണ്ട്. എന്നാൽ സുഭാഷിതങ്ങളിൽനിന്ന് വ്യത്യസ്ഥമായി ഒരു ഗ്രന്ഥകർത്താവെഴുതിയ ജ്ഞാനസൂക്തങ്ങളും ഉപദേശങ്ങളുമാണ് പ്രഭാഷകനിലുള്ളത്. ഗ്രന്ഥകർത്താവ് ആരാണെന്ന് 50:27-ൽ പറയുന്നുണ്ട്: "വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉപദേശങ്ങൾ ഈ ഗ്രന്ഥത്തിൽ ഞാൻ എഴുതിയിട്ടുണ്ട്; ജറുസലേമിലെ ഏലെയാസറിന്റെ മകൻ സിറാക്കിന്റെ പുത്രൻ യേശുവായ ഞാൻ ഹൃദയാഗാധത്തിൽനിന്ന് പുറപ്പെടുവിച്ച ജ്ഞാനമാണ് ഇത്." അതുകൊണ്ട് പുസ്തകത്തിന്റെ പേര് സിറാക്കിന്റെ മകനായ യേശുവിന്റെ ജ്ഞാനം എന്നാണ് (ചുരുക്കി സിറാക്ക് എന്നു പറയും). ക്രിസ്തുവിന് മുമ്പ് 190-175 കാലഘട്ടത്തിൽ ഈ ഗ്രന്ഥം ഹീബ്രുവിൽ രചിക്കപ്പെട്ടതായി കരുതപ്പെടുന്നു. ഇന്ന് നമുക്കുള്ളത് ഗ്രീക്ക് ഭാഷയിലുള്ള മൂലഗ്രന്ഥമാണ്. അത് തർജ്ജമചെയ്യപ്പെട്ടത് 132 -ൽ ആണ്. എവുഎർഗെത്തെസിന്റെ 38-ാം ഭരണവർഷമാണ് പിതാമഹനായ യേശുവിന്റെ കൃതി അദ്ദേഹത്തിന്റെ കൊച്ചുമകൻ ഗ്രീക്കിലേയ്ക്ക് തർജ്ജമ ചെയ്തതെന്ന് മുഖവുരയിൽപ്പറയുന്നുണ്ട്. എവുഎർഗെത്തെസ് (Ptolemy VII- Physkon Euergetes II) ഭരണമാരംഭിച്ചത് 170 BC യിലാണ്. അങ്ങനെ കണക്കുകൂട്ടിയാണ് തർജ്ജമ നടന്നത് 132-ൽ ആണെന്ന് പറയുന്നത്. തർജ്ജമ ചെയ്തയുവാവ് 132-ൽ ഈജിപ്തിലെത്തുകയും അധികം താമസംകൂടാതെ തന്റെ വലിയച്ഛന്റെ ഹീബ്രുഭാഷയിലുള്ള മൂലകൃതി ഗ്രീക്കുഭാഷയിലേക്ക് തർജ്ജമ ചെയ്യുകയും ചെയ്തു. പ്രഭാഷകൻ രചിക്കപ്പെട്ടത് സഭാപ്രസംഗകനും, ജോബും രചിക്കപ്പെട്ടതിനുശേഷമാണെന്ന് പറയേണ്ടതില്ലല്ലോ. മനുഷ്യജീവിതത്തിന്റെ വിജയത്തിനായി അതിലെ ഓരോ സാഹചര്യങ്ങളിലും ജ്ഞാനത്താൽ നയിക്ക പ്പെടുന്നതിന് വ്യക്തികളെ ഒരുക്കുകയാണ്, പരിചയസമ്പന്നനും, അനുഭവസമ്പത്തിനുടമയും,

ഉയർന്ന ദൈവശാസ്ത്ര വീക്ഷണവുമുള്ള ഗ്രന്ഥകാരന്റെ ലക്ഷ്യം. ഗ്രന്ഥകാരൻ അനുഭവസമ്പന്നനാണ് എന്ന് അദ്ദേഹത്തിന്റെ ഉന്നതമായ ദൈവശാസ്ത്രവും, ആശയങ്ങൾ അവതരിപ്പിക്കുന്ന രീതിയും, ആശയങ്ങളുടെ വൈവിധ്യവും, സഹിഷ്ണുതാ മനോഭാവവും തെളിയിക്കുന്നു. ആദിമസഭയിൽ ക്രിസ്ത്യാനികൾ ഈ ഗ്രന്ഥം വളരെ വ്യാപകമായി ഉപയോഗിച്ചിരുന്നു. ക്രിസ്തുവിനുമുമ്പുണ്ടായിരുന്ന പാലസ്തീനായിലെയും മറ്റുസ്ഥലങ്ങളിലേയും യഹൂദരും പ്രഭാഷകൻ വിശുദ്ധഗ്രന്ഥത്തിന്റെ ഭാഗമായി കണക്കാക്കിയിരുന്നു. അതുകൊണ്ടാണ് അതിന് സപ്തതിയിൽ സ്ഥാനം ലഭിക്കാൻ കാരണം. പാലസ്തീനായിലെ മസാദായിൽനിന്ന് ഒന്നാം നൂറ്റാണ്ടിൽ ഹീബ്രുവിൽ എഴുതപ്പെട്ട ഈ ഗ്രന്ഥത്തിന്റെ ഭാഗങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്. ധാർമ്മിക മൂല്യങ്ങൾക്ക് വലിയ വിലകല്പിക്കുന്ന ഗ്രന്ഥമാകയാൽ ആദിമ നൂറ്റാണ്ടുകളിലെ ക്രിസ്ത്യാനികളുടെയിടയിൽ ഈ ഗ്രന്ഥത്തിന് വലിയ പ്രചാരം ലഭിച്ചു. അതിൽനിന്നാകാം എക്ലേസിയാസ്റ്റിക്കൂസ് (സഭാപരമായ ഗ്രന്ഥം) എന്ന ലത്തീൻപേര് ഈ ഗ്രന്ഥത്തിന് കൈവന്നത്. ക്രിസ്തുവർഷം ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഫരിസേയർ ഹെബ്രായ ഭാഷയിൽ രചിക്കപ്പെട്ടതാണെങ്കിലും എസ്രയുടെ കാലത്ത് ഉണ്ടായിരുന്നതല്ല എന്ന കാരണം പറഞ്ഞ് ഈ ഗ്രന്ഥം അവരുടെ കാനോനയിൽനിന്നൊഴിവാക്കി. (അതിനുകാരണം ഗ്രന്ഥത്തിന് ക്രിസ്ത്യാനികളുടെ ഇടയിലുള്ള പ്രചാരമോ, അതിലെ പഠനങ്ങൾക്ക് സദുക്കായരുടെ പഠനങ്ങളോടുള്ള സാമ്യമോ ആകാം). ഹിപ്പോയിലെയും (393), കാർത്തേജിലെയും (397; 419) സഭാസൂനഹദോസുകൾ ഈ ഗ്രന്ഥത്തെ കാനോനികമായി അംഗീകരിച്ചു. പ്രഭാഷകൻ (സിറാക്ക്) ഒരു നിയമജ്ഞനായിരുന്നു (നിയമ ഗ്രന്ഥം പകർത്തിയെഴുതുന്ന ആൾ). അതുകൊണ്ടുതന്നെ സമൂഹത്തിലെ ജ്ഞാനിയും അറിവുള്ളവനുമായിരുന്നു അയാൾ. അദ്ദേഹം നിയമവും പ്രവാചകന്മാരും പിതാക്കന്മാരുടെ മറ്റ് ഗ്രന്ഥങ്ങളും (നമ്മുടെ ബൈബിൾ) സശ്രദ്ധം വായിക്കുകയും പഠിക്കുകയും നല്ല പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്തതിനുശേഷം അന്യരെ ഈ ജ്ഞാനത്തെ ഉൾക്കൊള്ളാൻ സഹായിക്കുന്നതിനുവേണ്ടിയാണ് ഗ്രന്ഥം രചിച്ചതെന്ന് ഗ്രന്ഥകാരന്റെ കൊച്ചുമകൻ പറയുന്നുണ്ട്: "നിയമവും പ്രവാചകന്മാരും അവരെ പിന്തുടർന്നവരും വഴി നമുക്ക് മഹത്തായ അനവധി പ്രബോധനങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. നമുക്ക് ലഭിച്ച ഈ പ്രബോധനങ്ങൾക്കും ജ്ഞാനത്തിനും ഇസ്രായേൽ നമ്മുടെ പ്രശംസയർഹിക്കുന്നു. എന്നാൽ ഇവ വായിക്കുന്നവർക്കു മാത്രം അറിവ് ലഭിച്ചാൽ പോരാ. അറിവ് നേടുന്നവരിൽ താൽപര്യമുള്ളവർ തങ്ങളുടെ വാക്കും, തൂലികയും മറ്റുള്ളവർക്കുകൂടി പ്രയോജനപ്രദമായ വിധത്തിൽ ഉപയോഗിക്കണം. ആകയാൽ എന്റെ പിതാമഹൻ യേശു നിയമവും പ്രവാചകന്മാരും നമ്മുടെ പിതാക്കന്മാരുടെ ഇതര ഗ്രന്ഥങ്ങളും സശ്രദ്ധം വായിക്കുകയും നല്ല പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്തതിനുശേഷം ജ്ഞാനത്തെയും പ്രബോധനത്തെയും സംബന്ധിക്കുന്ന ചിലകാര്യങ്ങൾ എഴുതാൻ പ്രേരിതനായി. അറിവ് സമ്പാദിക്കുന്നതിൽ താൽപര്യമുള്ളവർ ഈ ഗ്രന്ഥം ശ്രദ്ധാപൂർവ്വം പാരായണം ചെയ്ത് നിയമമനുസരിച്ച് ജീവിക്കുന്നതിൽ ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കണം. എന്നതാണ് ഗ്രന്ഥകർത്താവിന്റെ ലക്ഷ്യം" (മുഖവുര - പ്രഭാഷകൻ). ജ്ഞാനഗ്രന്ഥങ്ങൾക്ക് മത -രാഷ്ട്രീയ പരിധികൾക്കപ്പുറം കടന്നുചെല്ലാൻ കഴിയുമെന്ന് പറയേണ്ടതില്ലല്ലോ. പ്രഭാഷകൻ ജ്ഞാനസാഹിത്യം എന്ന മാധ്യമം വിശ്വാസപ്രഘോഷണത്തിനുപയോഗിച്ചുവെന്ന് പറയാൻ കഴിയും. പ്രഭാഷകന്റെ ജീവിത ദർശനം എന്തായിരുന്നുവെന്ന് അദ്ദേഹം തന്നെ പറയുന്നുണ്ട്: "അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താൽപര്യമുള്ളവൻ എല്ലാ പൗരാണിക ജ്ഞാനവും ആരാഞ്ഞ് അറിയുകയും പ്രവചനങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യും. അവൻ വിശ്രുതരുടെ വാക്കുകൾ വിലമതിക്കുകയും, ഉപമകളുടെ പൊരുൾ സൂക്ഷ്മമായി അപഗ്രഥിക്കുകയും ചെയ്യും. അവൻ ആപ്ത വാക്യങ്ങളുടെ ആന്തരാർത്ഥം തേടുകയും ഉപമകളുടെ നിഗൂഢതകളെ സ്വായത്തമാക്കുകയും ചെയ്യുന്നു. അവൻ മഹാന്മാരെ സേവിക്കുന്നു. ഭരണാധിപന്മാരുടെ മുമ്പിലും അവന് പ്രവേശനമുണ്ട്. വിദേശരാജ്യങ്ങളിൽ അവൻ സഞ്ചരിക്കും. മനുഷ്യരുടെ നന്മതിന്മകൾ അവൻ വേർതിരിച്ചറിയുന്നു. സ്രഷ്ടാവായ കർത്താവിനെ അന്വേഷിക്കാൻ അവൻ അതിരാവിലെ താൽപര്യപൂർവ്വം എഴുന്നേൽക്കുന്നു; അവൻ അത്യുന്നതന്റെ മുമ്പിൽ പ്രാർത്ഥനകൾ അർപ്പിക്കുന്നു. അവൻ പാപമോചനത്തിനായി യാചിക്കുന്നു" (37:1-5). ജ്ഞാനി എല്ലാ പൗരാണിക ഗ്രന്ഥങ്ങളും ആരാഞ്ഞു പഠിക്കണം; അവൻ പ്രവചനങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കണം; ജ്ഞാനികളുടെ വാക്കുകൾ വിലമതിക്കണം; കടംകഥകളുടെയും ഉപമകളുടെയും പൊരുൾ അറിയണം; അവൻ അന്യജനതകളെക്കുറിച്ച് അറിവുള്ളവനായിരിക്കണം; അവൻ ദൈവത്തോട് പ്രാർത്ഥിക്കുന്നവനായിരിക്കണം. പ്രഭാഷകൻ ജീവിച്ചിരുന്നത് ജറുസലേമിലാണ് (50:27); അയാൾ വളരെയധികം യാത്രകൾ ചെയ്തിട്ടുമുണ്ട് (34:12-13; 8:15-16). ജറുസലേമിൽ ദൈവജനത്തോട് ചേർന്ന് ജീവിക്കുകയും, ലോകമാസകലം സഞ്ചരിക്കുകയും, താൻ പഠിച്ച അത്യുന്നതന്റെ നിയമത്തിന്റെയും, പ്രവാചക-ജ്ഞാനഗ്രന്ഥങ്ങളുടെയും പശ്ചാത്തലത്തിൽ കണ്ടെത്തിയതിനെയെല്ലാം സംഗ്രഹിക്കുകയും വിശകലനം

ചെയ്യുകയും തനിക്കുണ്ടായ ഉൾക്കാഴ്ച മുഴുവനും അന്യർക്കായി എഴുതി വയ്ക്കുകയും ചെയ്തവനാണ് പ്രഭാഷകൻ. പ്രഭാഷകൻ ജീവിച്ചിരുന്ന ജറുസലേമിലെ രാഷ്ട്രീയ-സാമൂഹ്യ പശ്ചാത്തലമെന്തെന്ന് മനസ്സിലാക്കുന്നത് ആ ഗ്രന്ഥത്തിലെ കാര്യങ്ങൾ ഗ്രഹിക്കാൻ സഹായിക്കും. 539-ൽ ബാബിലോൺ കീഴടക്കി യഹൂദരെ വിപ്രവാസത്തിൽ നിന്ന് സ്വതന്ത്രരാക്കിയ പേർഷ്യൻ രാജ്യത്തിന്റെ അധീനതയിലായിരുന്നു പാലസ്തീന BC 332 വരെ. 332-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി പേർഷ്യയെ കീഴടക്കിയപ്പോൾ പാലസ്തീനയവന ആധിപത്യത്തിൻ കീഴിലായി (ഗ്രീക്ക് സാമ്രാജ്യം). 323-ൽ അലക്സാണ്ടർ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ സാമ്രാജ്യം അദ്ദേഹത്തിന്റെ നാലു പട്ടാളമേധാവികൾക്കുമായി വിഭജിച്ച് നല്കപ്പെട്ടു. ടോളമിക്ക് പാലസ്തീനായുടെ തെക്കുഭാഗത്തുള്ള വലിയ ഈജിപ്ഷ്യൻ സാമ്രാജ്യവും, സെലെഊക്കൂസിന് പാലസ്തീനയ്ക്ക് വടക്കുള്ള സിറിയൻ രാജ്യവും ലഭിച്ചു. തുടർന്ന് ഈ രണ്ട് ഗ്രീക്ക് സാമ്രാജ്യങ്ങൾ തമ്മിൽ പാലസ്തീനായുടെ നിയന്ത്രണത്തിന് വേണ്ടിയുള്ള പല യുദ്ധങ്ങളും നടന്നു. 301-ൽ ടോളമി ഒന്നാമൻ പാലസ്തീന സ്വന്തം അധീനതയിൽ കൊണ്ടുവരികയും തുടർന്ന് ഒരു ശതാബ്ദക്കാലം വിശുദ്ധനാട് ഈജിപ്ഷ്യൻ സാമ്രാജ്യത്തിന് കീഴിൽ സമാധാനപൂർവ്വം ജീവിക്കുകയും ചെയ്തു. ടോളമി പേർഷ്യൻ സാമ്രാജ്യത്തിന്റെ ഭരണതന്ത്രങ്ങൾതന്നെ പിൻതുടർന്നതായാണ് കരുതപ്പെടുന്നത്. അതനുസരിച്ച് യഹൂദരുടെ പ്രധാന പുരോഹിതൻ ഒരു ആത്മീയഗുരു മാത്രമായിരുന്നില്ല, മറിച്ച് ഒരു രാജകുമാരൻ കൂടിയായിരുന്നു. ഈജിപ്തിനുവേണ്ടി ചുങ്കം പിരിച്ചിരുന്നതും അയാൾതന്നെയായിരുന്നു. അതിനാൽ സമാധാനത്തിൽ ജീവിക്കാനും ഈജിപ്ഷ്യൻ സാമ്രാജ്യത്തിലെ ചില ആനുകൂല്യങ്ങൾ അനുഭവിക്കാനും ഈജിപ്തുമായുള്ള കച്ചവടത്തിലൂടെ അഭിവൃദ്ധിപ്രാപിക്കാനും യഹൂദർക്ക് കഴിഞ്ഞു. എന്നാൽ 199-98 പാനിയം (കേസറിയ ഫിലിപ്പി) യുദ്ധത്തിൽ സിറിയയുടെ രാജാവായ അന്തിയോക്കസ് മൂന്നാമൻ (223-187) ടോളമി നാലാമനെ (203-181) പരാജയപ്പെടുത്തുകയും, പാലസ്തീനാ സിറിയായുടെ അധീനതയിൽ കൊണ്ടുവരികയും ചെയ്തു. യഹൂദർ ഈ സമയത്ത് സിറിയാക്കാരെ സഹായിച്ചതായി ചരിത്രകാരനായ ജോസേഫൂസ് വിവരിക്കുന്നുണ്ട് (Ant. 12:3,3). ഈ സഹായത്തിന് പ്രത്യുപകാരമായി ജറുസലേം ദേവാലയത്തിന്റെ കേടുപാടുകൾ തീർക്കാൻ അന്ന് ആവശ്യമായിരുന്ന തടി രാജാവ് കൊടുക്കുകയും ചെയ്തു. അതോടൊപ്പം മറ്റ് നികുതിയിളവുകളും (50:1-4). അന്തിയോക്കസ് തുടർന്ന് റോമുമായി യുദ്ധം ചെയ്യുകയും, പരാജയപ്പെടുകയും അതേത്തുടർന്ന് റോമിന് കപ്പം കൊടുക്കാനായി അവന്റെതന്നെ ബാൽദേവന്റെ അമ്പലം കൊള്ളയടിക്കുന്നതിനിടെ കൊല്ലപ്പെടുകയും ചെയ്തു. പിൻഗാമിയായിവന്ന സെലെഊക്കൂസ് നാലാമനും കഴിവില്ലാത്തവനായിരുന്നു; അവൻ വധിക്കപ്പെട്ടു. അപ്പോൾ അവന്റെ ഇളയസഹോദരനായ അന്തിയോക്കസ് എപ്പിഫാനെസ് നാലാമൻ ഭരണത്തിൽവന്നു (175-164). അയാളാണ് യഹൂദരെ ഗ്രീക്ക് സ്വാധീനത്തിൻകീഴിൽ കൊണ്ടുവരാൻ തന്റെ മുൻഗാമികളെക്കാൾ തീക്ഷ്ണമായി ശ്രമിച്ചത്. അന്തിയോക്കസ് എപ്പിഫാനെസിന്റെ (IV) വരവിനുമുമ്പുതന്നെ, 180-ഓടെ, സിറാക്ക് തന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചുവെന്നാണ് കരുതപ്പെടുന്നത്. ടോളമിയും സെലെഊക്കുകളും യവനപാരമ്പര്യം തങ്ങളുടെ സാമ്രാജ്യങ്ങളിൽ സ്ഥാപിക്കാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. അലക്സാണ്ടറിന്റെ "ഒരുലോകം, ഒരു സംസ്കാരം, ഒരു ഭാഷ, സമത്വം" എന്നീ തത്വങ്ങളായിരുന്നു ഇതിനടിസ്ഥാനം. ഇത് പല യഹൂദരെയും യവനസംസ്കാരത്തിലേയ്ക്ക് ആകർഷിക്കുകയും ചെയ്തു. വിശ്വാസിയായിരുന്ന പ്രഭാഷകൻ തന്റെ യാത്രയ്ക്കിടയിൽ യവനസംസ്കാരവും തത്വശാസ്ത്രവും എത്രമാത്രം യഹൂദപാരമ്പര്യങ്ങളെയും ജീവിതത്തെയും ചോദ്യം ചെയ്തു എന്നുകണ്ടു. എന്നാൽ തന്റെ കൃതിയിലൂടെ യവനസംസ്കാരത്തെ കരിതേച്ചുകാണിക്കാനല്ല മറിച്ച് എന്താണ് യഥാർത്ഥ ജ്ഞാനമെന്നും അതിന്റെ ഉറവിടം യവന സംസ്കാരത്തിന്റെ ഈറ്റില്ലമായ ആതെൻസല്ല മറിച്ച് ജറുസലേമാണെന്ന് യഹൂദർക്ക് കാണിച്ചുകൊടുക്കുകയുമാണ് അദ്ദേഹം ചെയ്യുന്നത്. യവനരുടെ താത്വീക സാഹിത്യത്തെക്കാൾ ഉന്നതമായത് യഹൂദരുടെ വെളിപാടുൾക്കൊള്ളുന്ന രചനകളാണെന്നദ്ദേഹം പറഞ്ഞു: "ജ്ഞാനത്തിന്റെ വാക്കുകൾ അവൾക്കുതന്നെ പുകഴ്ചയാണ്; തന്റെ ജ്ഞാനത്തിന്റെ മധ്യത്തിൽ അവൾ മഹത്വമാർജ്ജിക്കുന്നു. അത്യുന്നതന്റെ സഭയിൽ അവൾ വായ് തുറക്കുന്നു. അത്യുന്നതന്റെ നാവിൽനിന്ന് പുറപ്പെട്ട് മൂടൽമഞ്ഞുപോലെ ഞാൻ ഭൂമിയെ ആവരണം ചെയ്തു. ഉന്നതങ്ങളിൽ ഞാൻ വസിച്ചു. മേഘത്തൂണിലായിരുന്നു എന്റെ സിംഹാസനം, ഞാൻ തനിയെ ആകാശത്തിന് പ്രദക്ഷിണം വയ്ക്കുകയും പാതാളത്തിന്റെ ആഴങ്ങളിൽ സഞ്ചരിക്കുകയും ചെയ്തു. ആഴിയിലെ അലകളിലും ഊഴിയിലും എല്ലാ ജനതകളിലും രാജ്യങ്ങളിലും എനിക്ക് ആധിപത്യം ലഭിച്ചു. ഇവയിലെല്ലാം ഞാൻ വിശ്രമ സങ്കേതം അന്വേഷിച്ചു; ആരുടെ ദേശത്ത് വസിക്കണമെന്ന് ഞാൻ ആലോചിച്ചു. അപ്പോൾ സകലത്തിന്റെയും സ്രഷ്ടാവ് എനിക്ക് കല്പന നൽകി; എന്റെ സ്രഷ്ടാവ് എനിക്ക് കൂടാരത്തിന് സ്ഥലം നിശ്ചയിച്ചുതന്നു. അവിടുന്നു പറഞ്ഞു: യാക്കോബിൽ വാസമുറപ്പിക്കുക; ഇസ്രായേലിൽ നിന്റെ അവകാശം സ്വീകരിക്കുക" (24:1-8). അതു

കൊണ്ട് വിജ്ഞാനകേന്ദ്രം ജറുസലേമാണ്.

## പുസ്തകത്തിന്റെ ഘടന

പുസ്തകത്തെ അഞ്ച് ഭാഗങ്ങളായിതിരിക്കാം.

1. ഗ്രന്ഥകാരന്റെ പൗത്രന്റെ ആവതാരിക
2. 1:1-23:28 : ദൈവത്തിൽനിന്നുവരുന്ന ജ്ഞാനത്തെക്കുറിച്ചുള്ള വിചിന്തനം.
3. 24:1-43:33 : ജ്ഞാനത്തെക്കുറിച്ചുള്ള ചർച്ചയോടെ തുടങ്ങുന്നു. ജ്ഞാനത്തെ നിയമത്തോട് താദാത്മ്യപ്പെടുത്തുന്നു.
4. 44:1-50:24 : പൂർവ്വികരെ അനുസ്മരിക്കുകയും അവരെ ജ്ഞാനികളായി വണങ്ങുകയും ചെയ്യുന്നു.
5. ഉപസംഹാരവും അനുബന്ധവും 50:25-51:30 - ഗ്രന്ഥകാരൻ ഇദുമെയരെയും, ഫിലിസ്ത്യരെയും, സമറിയാക്കാരെയും വെറുക്കുന്നു. ഇതെല്ലാം യഹൂദർ വെറുക്കുന്നവരാണ് (50:25-29).

## നിയമവും പ്രവാചകന്മാരും ലിഖിതങ്ങളും

തനിക്ക് മുമ്പു രചിക്കപ്പെട്ട ജ്ഞാനഗ്രന്ഥങ്ങളിൽനിന്നും വ്യത്യസ്ഥമായി പ്രഭാഷകൻ ഇസ്രായേലിന്റെ നിയമവും പ്രവാചകന്മാരും തന്റെ വിചിന്തനവിഷയമാക്കി. നിയമവും പ്രവാചകന്മാരും അക്കാലത്തുണ്ടായിരുന്ന ലിഖിതങ്ങളും ഹൃദിസ്ഥമാക്കിയിരുന്ന പ്രഭാഷകൻ നിയമത്തിലെയും പ്രവാചകന്മാരിലെയും വചനങ്ങളെ അക്കാലത്തുള്ള യവനസംസ്കാരാധീനത്തിൽപ്പെട്ട സമൂഹത്തിന് മനസ്സിലാകുന്നവിധത്തിൽ അനുരൂപപ്പെടുത്തി വ്യാഖ്യാനിച്ചുവെന്ന് പറയാൻ കഴിയും. ഈ അനുരൂപണത്തിലൂടെ അദ്ദേഹം താൻ പ്രാധാന്യം നൽകാനാഗ്രഹിച്ച കാര്യങ്ങൾ ഊന്നിപ്പറയുകയും ചെയ്തു. ഉദാഹരണമായി, "നിങ്ങളുടെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണാത്മാവോടും, പൂർണ്ണശക്തിയോടുംകൂടെ സ്നേഹിക്കണം" (നിയ 6:5) എന്ന നിയമാവർത്തനത്തിലെ മോശയുടെ കല്പന പ്രഭാഷകൻ കൂടുതൽ ആശയങ്ങൾ ചേർത്ത് വിപുലീകരിക്കുന്നത് കാണാം: "പൂർണ്ണഹൃദയത്തോടെ കർത്താവിനെ ഭയപ്പെടുക; അവിടുത്തെ പുരോഹിതന്മാരെ ബഹുമാനിക്കുക; സർവ്വശക്തിയോടുംകൂടി സ്രഷ്ടാവിനെ സ്നേഹിക്കുക; അവിടുത്തെ ശുശ്രൂഷകരെ പരിത്യജിക്കരുത്" (7:29-30). പുറപ്പാടിന്റെ പുസ്തകം 20:12 (നിയ 5:16) മാതാവിനെയും, പിതാവിനെയും ബഹുമാനിക്കുകയെന്ന് കല്പിക്കുന്നുണ്ട്: "നിന്റെ ദൈവമായ കർത്താവ് തരുന്ന രാജ്യത്ത് നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് നിന്റെ പിതാവിനെയും, മാതാവിനെയും ബഹുമാനിക്കുക" (പുറ 20:12). ഈ വചനത്തെ ആധാരമാക്കിക്കൊണ്ടാണ് പ്രഭാ 3-ാം അദ്ധ്യായം 1 മുതൽ 16 വരെയുള്ള വാക്യങ്ങളിൽ ഗ്രന്ഥകാരൻ തന്റെ ഉപദേശം നല്കുന്നത്: "കുഞ്ഞുങ്ങളേ നിങ്ങളുടെ പിതാവായ എന്റെ വാക്കുകേൾക്കു വിൻ; സുരക്ഷിതരായിരിക്കാൻ അതനുസരിച്ച് പ്രവർത്തിക്കുവിൻ; മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു: അവിടുന്ന് പുത്രന്മാരുടെ മേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിച്ചിരിക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവൻ തന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവനെ അവന്റെ മക്കൾ സന്തോഷിപ്പിക്കും. അവന്റെ പ്രാർത്ഥന കർത്താവ് കേൾക്കും. പിതാവിനെ ബഹുമാനിക്കുന്നവൻ ദീർഘകാലം ജീവിക്കും; കർത്താവിനെ അനുസരിക്കുന്നവൻ തന്റെ അമ്മയെ സന്തോഷിപ്പിക്കുന്നു. ദാസൻ എന്നപോലെ അവൻ മാതാപിതാക്കന്മാരെ സേവിക്കും; പിതാവിനെ വാക്കിലും പ്രവൃത്തിയിലും ബഹുമാനിച്ച് അവന്റെ അനുഗ്രഹത്തിന് പാത്രമാകുക. പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും; അമ്മയുടെ ശാപം അവയുടെ അടിത്തറ ഇളക്കും. മഹത്വം കാംക്ഷിച്ച് പിതാവിനെ അപമാനിക്കരുത്; പിതാവിന്റെ അപമാനം ആർക്കും ബഹുമതിയല്ല. പിതാവിനെ ബഹുമാനിക്കുന്നവൻ മഹത്വമാർജ്ജിക്കുന്നു. അമ്മയെ അനാദരിക്കുന്നവൻ അപകീർത്തിക്കിരയാകും. മകനേ, പിതാവിനെ വാർദ്ധക്യത്തിൽ സഹായിക്കുക, മരിക്കുന്നതുവരെ അവന് ദുഃഖമുണ്ടാക്കരുത്. അവന് അറിവ് കുറവാണെങ്കിലും സഹിഷ്ണുതകാണിക്കുക; നീ എത്ര ബലവാനാണെങ്കിലും അവനെ നിന്ദിക്കരുത്. പിതാവിനോട് കാണിക്കുന്ന കാരുണ്യം വിസ്മരിക്കപ്പെടുകയില്ല. പാപങ്ങളുടെ കടം വീട്ടുന്നതിന് അതുപകരിക്കും. കഷ്ടതയുടെ ദിനത്തിൽ അത് നിനക്ക് കാരുണ്യത്തിനായി ഭവിക്കും. സൂര്യപ്രകാശത്തിൽ മൂടൽമഞ്ഞെന്നപോലെ നിന്റെ പാപങ്ങൾ മാഞ്ഞുപോകും. പിതാവിനെ പരിത്യജിക്കുന്നത് ദൈവദൂഷണത്തിന് തുല്യമാണ്. മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപമേൽക്കും" (പ്രഭാ 3:1-16). നിയമാവർത്തനം ദൈവസ്നേഹമെന്നത് ദൈവപ്രമാണങ്ങളുടെ അനുസരണമാണെന്ന് പഠിപ്പിക്കുന്നു (നിയ 10:12-13; 30:16). ഇതുതന്നെയാണ് പ്രഭാ 2:15-16 ൽ അവതരിപ്പിക്കുന്നത്: "കർത്താവിനെ ഭയപ്പെടുന്നവൻ അവിടുത്തെ മാർഗ്ഗത്തിൽ ചരിക്കുന്നു. കർത്താവിനെ ഭയപ്പെടുന്നവൻ അവിടുത്തെ ഇഷ്ടം അന്വേഷിക്കും;

അവിടുത്തെ സ്നേഹിക്കുന്നവൻ അവിടുത്തെ പ്രമാണങ്ങളാൽ പരിപുഷ്ടരാകും" (പ്രഭാ 2:15-16; നിയ 24:17 -22 പ്രഭാ 4:8-10 താരതമ്യപ്പെടുത്തുക). സിറാക്കിന്റെ ചിന്തകളിൽ പഞ്ചഗ്രന്ഥത്തിൽ നിന്നും, ജോഷ്വാ, സാമുവൽ, രാജാക്കന്മാർ, ദിനവൃത്താന്തം, നെഹെമിയാ എന്നീ ചരിത്രഗ്രന്ഥങ്ങളിൽനിന്നും, ഏശയ്യാ, ജറെമിയാ, എസെക്കിയേൽ, ഹഗ്ഗായി, മലാക്കി മുതലായ പ്രവാചകന്മാരിൽനിന്നും ഉദ്ധരിക്കുന്നതായോ അവരുടെ സന്ദേശത്തിലേക്ക് വിരൽ ചൂണ്ടുന്നതായോ കാണാം. ഇസ്രയേലിലെ ന്യായാധിപന്മാരെക്കുറിച്ചാണ് 46:11-12 ലെ വിചിന്തനം: "അവിശ്വസ്തത അറിയാത്ത ഹൃദയത്തോടുകൂടിയ, കർത്താവിൽനിന്ന് പിന്തിരിഞ്ഞ്പോകാത്ത അനേകം ന്യായാധിപന്മാരുണ്ട്. അവരുടെ സ്മരണ അനുഗ്രഹീതമായിരിക്കട്ടെ! ശവകുടീരങ്ങളിൽനിന്ന് അവരുടെ അസ്ഥികൾ നവജീവൻ പ്രാപിക്കട്ടെ! സംപൂജ്യരായ അവരുടെ നാമം പുത്രന്മാരിലൂടെ ജീവിക്കട്ടെ" (46:11-12). പ്രഭാഷകൻ 49:10 ൽ ഇസ്രായേലിലെ 12 കൊച്ചു പ്രവാചകന്മാരെ അനുസ്മരിക്കുന്നതു കാണാം; 47:6-11 സങ്കീർത്തനങ്ങൾ ദാവീദിന്റെ രചനകളാണെന്ന പാരമ്പര്യം ഏറ്റുപറയുന്നു. അതുപോലെതന്നെ (47:14 -17) സുഭാഷിതങ്ങൾ സോളമന്റെ ആപ്ത വാക്യങ്ങളാണെന്ന പാരമ്പര്യം സ്ഥിരീകരിക്കുന്നു. നിയമത്തെയും പ്രവാചകന്മാരെയും വിചിന്തനവിഷയമാക്കിയപ്പോഴും ആത്യന്തികമായി പ്രഭാഷകൻ ജ്ഞാനപാരമ്പര്യത്തിൽ തന്നെയാണ് തന്റെ ചിന്തകളുടെ അടിസ്ഥാനം കെട്ടിപ്പടുത്തത്. ജ്ഞാനഗ്രന്ഥങ്ങളിൽ സുഭാഷിതങ്ങളാണ് ശൈലിയിലും ഉള്ളടക്കത്തിലും ഏറ്റവുമധികം പ്രഭാഷകനെ സ്വാധീനിച്ചതെന്ന് പറയാൻ കഴിയും. ചില ഉദാഹരണങ്ങൾകൊണ്ട് അത് വ്യക്തമാക്കാം: "കർത്താവ് തന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭത്തിൽ തന്റെ എല്ലാ സൃഷ്ടികളുടെയും ആദ്യത്തെതായി എന്നെ സൃഷ്ടിച്ചു" എന്ന് ജ്ഞാനം പറയുന്നു (സുഭാ 8:22). പ്രഭാഷകൻ ഈ ആശയം അവതരിപ്പിക്കുന്നതിങ്ങനെയാണ്: "ജ്ഞാനമാണ് എല്ലാറ്റിനും മുമ്പ് സൃഷ്ടിക്കപ്പെട്ടത്. വിവേകപൂർണമായ അറിവ് അനാദിയാണ്" (1:4). "ദൈവഭക്തിയാണ് അറിവിന്റെ ഉറവിടം; ഭോഷന്മാർ ജ്ഞാനത്തെയും പ്രബോധനത്തെയും പുച്ഛിക്കുന്നു" (സുഭാ 1:7) എന്ന സുഭാഷിതങ്ങൾ പഠിപ്പിച്ചതിനെ പ്രഭാഷകൻ അവതരിപ്പിച്ചത് താഴെ വരുന്ന പ്രകാരമാണ്: "കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. മാതൃഗർഭത്തിൽ വിശ്വാസി ഉരുവാകുമ്പോൾ അവളും സൃഷ്ടിക്കപ്പെടുന്നു" (പ്രഭാ 1:14). "എന്നെ സ്നേഹിക്കുന്നവരെ ഞാനും സ്നേഹിക്കുന്നു. ജാഗരൂഗതയോടെ അന്വേഷിക്കുന്നവർ എന്നെ കണ്ടെത്തുന്നു. സമ്പത്തും ബഹുമാനവും, നിലനിൽക്കുന്ന ധനവും, ഐശ്വര്യവും എന്റെ അടുക്കലുണ്ട്. എന്നിൽനിന്നുള്ള ഫലം സ്വർണ്ണത്തെക്കാൾ, തങ്കത്തെക്കാൾ പോലും ശ്രേഷ്ഠമത്രേ; എന്റെ ഉത്പന്നം വിശിഷ്ടമായ വെള്ളിയെക്കാളും" എന്ന് ജ്ഞാനം സുഭാഷിതങ്ങളിൽ പഠിപ്പിക്കുമ്പോൾ (സുഭാ 8:17 -19) പ്രഭാഷകൻ പറയുന്നതിങ്ങനെയാണ്: "കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ പൂർണ്ണതയാണ്. അവൾ തന്റെ സത്ഫലങ്ങൾകൊണ്ട് മനുഷ്യരെ തൃപ്ത രാക്കുന്നു. അവളുടെ ഭവനം അഭികാമ്യവസ്തുക്കൾകൊണ്ട് നിറയുന്നു, അവളുടെ കലവറ വിഭവങ്ങൾകൊണ്ടും" (1:16-17). "മൂശയിൽ വെള്ളിയും, ഉലയിൽ സ്വർണ്ണവും ശോധന ചെയ്യപ്പെടുന്നു; ഹൃദയങ്ങളെ പരിശോധിക്കുന്നത് കർത്താവാണ് (സുഭാ 17:3) എന്ന് സുഭാഷിതങ്ങൾ പറയുമ്പോൾ "സ്വർണ്ണം അഗ്നിയിൽ ശുദ്ധിചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിന് സ്വീകാര്യരായ മനുഷ്യരും" (പ്രഭാ 2:5) എന്ന് പ്രഭാഷകൻ പഠിപ്പിക്കുന്നു. പ്രഭാഷകൻ 24:1-22 -ൽ കാണുന്ന ജ്ഞാനത്തെക്കുറിച്ചുള്ള പല ആശയങ്ങളും സുഭാ 8:22-31 ൽ നിന്നും ഉരുത്തിരിഞ്ഞതാണ്: "കർത്താവിന്റെ വിസ്മയനീയമായ പ്രവൃത്തികൾ അവിടുത്തെ വിശുദ്ധർക്കുപോലും അവർണ്ണനീയമാണെന്ന്" സുഭാഷിതങ്ങളും (30:15 -31) പ്രഭാഷകനും (42:15-43:33) പറയും. ജോബിന്റെ ജീവിതത്തെക്കുറിച്ചുള്ള വിചിന്തനങ്ങളും പ്രഭാഷകനിൽ കാണാൻ കഴിയും (ജോബ് 38:41) "എന്റെ വാക്കുകേൾക്കാൻ ആളുകൾ ആകാംക്ഷയോടെ കാത്തിരുന്നു. എന്റെ ഉപദേശത്തിനുവേണ്ടി നിശ്ശബ്ദരായിനിന്നു..." (29:21-25) എന്ന് തന്റെ ക്ലേശങ്ങളുടെ മദ്ധ്യേ ജോബ് തന്റെ ഉയർച്ചയുടെ കാലത്തെക്കുറിച്ച് വിലയിരുത്തുമ്പോൾ ആ അനുഭവം മാനവരാശിയുടേതായിക്കണ്ട പ്രഭാഷകൻ പറയുന്നതിങ്ങനെയാണ്: "ധനവാൻ സംസാരിക്കുമ്പോൾ എല്ലാവരും നിശബ്ദരായിരിക്കും; മാനംമുട്ടെ പുകഴ്ത്തും; ദരിദ്രൻ സംസാരിക്കുമ്പോൾ ഇവനാര് എന്നവർ ചോദിക്കും; അവന് കാലിടറിയാൽ അവർ അവനെ തള്ളിയിടും" (പ്രഭാ 13:23). ദൈവത്തിന്റെ മഹത്ത്വത്തെയും മനുഷ്യന്റെ നിസ്സാരതയെയും കുറിച്ച് പ്രഭാഷകന് ഉൾക്കാഴ്ച ലഭിക്കുന്നത് ജോബിൽ നിന്നാണെന്ന് ചിന്തിക്കുന്നതിന് തെറ്റില്ല (പ്രഭാ 18:1-7). പ്രഭാഷകന്റെ ദൈവത്തെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചുമുള്ള ചിന്തകളിൽ സങ്കീർത്തനങ്ങളുടെ സ്വാധീനവും ദൃശ്യമാണ്. എന്നാൽ പ്രഭാഷകന്റെ ചിന്തകൾ കൂടുതൽ അർത്ഥവ്യാപ്തി ഉൾക്കൊള്ളുന്നതും കൂടുതൽ മാറ്റുള്ളവയുമാണ്: "മനുഷ്യഹൃദയത്തെ സന്തോഷിപ്പിക്കാൻ വീഞ്ഞും മുഖം മിനുക്കാൻ എണ്ണയും ശക്തിനൽകാൻ ഭക്ഷണവും പ്രദാനം ചെയ്യുന്നു" (സങ്കീ 104:15) എന്ന് സങ്കീർത്തകൻ പറയുമ്പോൾ വീഞ്ഞു നൽകുന്ന സന്തോഷം അതിന്റെ ഉപയോഗശൈലിയെ ആശ്രയിച്ചിരിക്കുന്നുവെന്ന് പ്രഭാഷകൻ പറയുന്നു: "മിതമായി കുടിച്ചാൽ വീഞ്ഞ് മനുഷ്യന് ജീവൻ പോലെയാണ്; വീഞ്ഞ് കുടിക്കാത്തവന് എന്തുജീവിതം? അത് മനുഷ്യന്റെ സന്തോഷത്തിന് സൃഷ്ടിച്ചിട്ടുള്ളതാണ്" (31:27; 31:12-31 കാണുക) എന്ന്

പ്രഭാഷകൻ പറയുന്നു. സങ്കീർത്തനങ്ങളുടെ രീതിയിൽ രൂപപ്പെടുത്തിയ രണ്ട് യാചനാപ്രാർത്ഥനകൾ പ്രഭാഷകനിൽ കാണാം: (1) "എന്റെ പിതാവും, ജീവിതത്തിന്റെ നിയന്താവുമായ കർത്താവേ, അവയുടെ ഇഷ്ടത്തിന് എന്നെ ഏൽപിച്ചുകൊടുക്കരുതേ; അവ നിമിത്തം ഞാൻ വീഴാനിടയാക്കരുതേ! എന്റെ ചിന്തകളെ നേർവഴിക്കു നയിക്കാൻ ഒരു ചാട്ടയും എന്റെ വികാരങ്ങൾക്ക് വിവേകപൂർണമായ നിയന്ത്രണവും ഉണ്ടായിരുന്നെങ്കിൽ! എന്റെ പാപങ്ങൾ ശിക്ഷിക്കപ്പെടാതെ പോവുകയില്ല. എന്റെ കുറ്റങ്ങൾ അവഗണിക്കപ്പെടുകയുമില്ല. എന്റെ പാപങ്ങളും കുറ്റങ്ങളും പെരുകി, ഞാൻ എന്റെ ശത്രുക്കൾക്ക് കീഴ്പ്പെടുകയോ അവർ എന്നെ ച്ചൊല്ലി സന്തോഷിക്കുകയോ ചെയ്യുകയില്ല. എന്റെ പിതാവും ദൈവവുമായ കർത്താവേ എന്റെ ദൃഷ്ടികൾ ഔദ്ധത്യം നിറഞ്ഞതാകരുതേ! അധമവികാരങ്ങൾക്ക് ഞാൻ അടിമയാകരുതേ! അമിതമായ ആഹാര പ്രിയമോ ഭോഗാസക്തിയോ എന്നെ കീഴടക്കാതിരിക്കട്ടെ! നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏല്പിച്ചു കൊടുക്കരുതേ!" (പ്രഭാ 23:1-6). (2) "എല്ലാറ്റിന്റെയും ദൈവമായ കർത്താവേ, ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ! എല്ലാ ജനത കളും അങ്ങയെ ഭയപ്പെടാൻ ഇടയാക്കണമേ! അന്യജനതകൾക്കെതിരെ അവിടുന്ന് കരമുയർത്തണമേ! അവിടുത്തെ ശക്തി അവർ ദർശിക്കട്ടെ! അവരുടെ മുമ്പിൽ ഞങ്ങൾ അങ്ങയെ മഹത്ത്വപ്പെടുത്തുന്നതുപോലെ ഞങ്ങളുടെ മുമ്പിൽ അവിടുത്തെ മഹത്ത്വപ്പെടുത്തുവാൻ ഇടയാക്കണമേ! കർത്താവേ ഞങ്ങൾ അങ്ങയെ അറിഞ്ഞതുപോലെ അവരും അങ്ങയെ അറിയുകയും, അങ്ങല്ലാതെ മറ്റൊരു ദൈവമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യട്ടെ! അടയാളങ്ങളും, അത്ഭുതങ്ങളും വീണ്ടും പ്രവർത്തിച്ച് അങ്ങയുടെ കരബലം പ്രകടമാക്കണമേ! കോപത്തെ ഉണർത്തി ക്രോധം വർഷിച്ച് ശത്രുവിനെ നിശ്ശേഷം നശിപ്പിക്കണമേ! വാഗ്ദാനമനുസ്മരിച്ച് അങ്ങ് കാലത്തെ ത്വരിപ്പിക്കണമേ! അങ്ങയുടെ കരുത്തേറിയ പ്രവർത്തനങ്ങളെ ജനം പ്രകീർത്തിക്കട്ടെ! അവശേഷിക്കുന്നവൻ അങ്ങയുടെ കോപാഗ്നിയിൽ ദഹിക്കുകയും അവിടുത്തെ ജനത്തെ ദ്രോഹിക്കുന്നവർ നാശമടയുകയും ചെയ്യട്ടെ! ഞങ്ങൾക്ക് തുല്യം മറ്റാരുമില്ലെന്ന് ജല്പിക്കുന്ന ശത്രു രാജാക്കന്മാരുടെ തല തകർക്കണമേ! യാക്കോബിന്റെ ഗോത്രങ്ങളെ ഒരുമിച്ചുകൂട്ടുകയും അവരുടെയവകാശം മുമ്പിലത്തെപ്പോലെ അവർക്ക് നൽകുകയും ചെയ്യണമേ! കർത്താവേ അങ്ങയുടെ നാമത്തിൽ വിളിക്കപ്പെട്ട ജനത്തിന്റെമേൽ ആദ്യ ജാതനെപ്പോലെ അങ്ങ് പരിഗണിച്ച ഇസ്രായേലിൻമേൽ - കരുണയുണ്ടാകണമേ! അങ്ങയുടെ വിശുദ്ധ മന്ദിരം സ്ഥിതിചെയ്യുന്ന നഗരത്തോട് - അങ്ങയുടെ വിശ്രമ സങ്കേതമായ ജറുസലേമിനോട് - കരുണതോന്നണമേ! അങ്ങയുടെ അത്ഭുത പ്രവൃത്തികളുടെ ഘോഷംകൊണ്ട് സീയോനെ നിറയ്ക്കണമേ! അങ്ങയുടെ മഹത്ത്വം കൊണ്ട് അങ്ങയുടെ ആലയത്തെയും. അങ്ങയുടെ ആദ്യ സൃഷ്ടികൾക്ക് സാക്ഷ്യം നല്കണമേ! അങ്ങയുടെ നാമത്തിൽ അരുളിചെയ്യപ്പെട്ടപ്രവചനങ്ങൾ പൂർത്തിയാക്കണമേ! അങ്ങേക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് പ്രതിഫലം നല്കണമേ! അങ്ങയുടെ പ്രവാചകന്മാരുടെ വിശ്വാസ്യത തെളിയട്ടെ. കർത്താവേ അങ്ങയുടെ ജനത്തിന് അഹറോൻ നല്കിയ അനുഗ്രഹത്തിനൊത്ത് അങ്ങയുടെ ദാസരുടെ പ്രാർത്ഥന കേൾക്ക ണമേ! അങ്ങാണ് യുഗങ്ങളുടെ ദൈവമായ കർത്താവെന്ന് ഭൂമിയിലുള്ള സകലജനതകളും അറിയട്ടെ!"(36:1-22). അതുപോലെതന്നെ സങ്കീർത്തനങ്ങളിലെ സ്തുതിഗീതങ്ങളുടെ രൂപത്തിൽ രചിച്ച സ്തുതിപ്പുകളും പ്രഭാഷകനിലുണ്ട്: ഉദാ: 1:1-10; 18:1-7; 39:12-35; 42:15-43; 43:33; 50:22-24; 51:1-12. ജ്ഞാനിയുടെ ചിന്തകൾ രാഷ്ട്രീയ/ സാംസ്കാരിക പരിധികൾക്കതീതമാകയാലും, മാനുഷികാനുഭവങ്ങൾ അടിസ്ഥാനമാക്കിയുള്ളതാകയാലും, തന്റെ യാത്രകൾക്കിടയിൽ, അന്യജനതകളിൽക്കണ്ടതും കേട്ടതുമായ ജ്ഞാനത്തെ ഉൾക്കൊള്ളാനും അത് യഹൂദർക്ക് നൽകാനും പ്രഭാഷകൻ ശ്രമിക്കുന്നുണ്ട്. യവനസാഹിത്യത്തിലെ പല ആശയങ്ങളും പ്രഭാഷകൻ തന്റെ ഉപദേശങ്ങളിൽ സ്വീകരിച്ചിട്ടുണ്ടെന്നാണ് പണ്ഡിതൻമാരുടെ അഭിപ്രായം. ഈജിപ്തിലെ 'ദുഅ വൂഫിന്റെ ഉപദേശങ്ങൾ' (Instruction of Duauf-ANET 432-34) ആണ് പ്രഭാഷകൻ 38:24-39:11 ന് അടിസ്ഥാനമായി നില്ക്കുന്നതെന്നാണ് പണ്ഡിതാഭിപ്രായം. അതുപോലെതന്നെ പ്രഭാഷകൻ വളരെയധികം ആശ്രയിക്കുന്ന (നേരിട്ട് ഉദ്ധരിക്കുന്നില്ല) ഒരു കൃതിയാണ് ഈജിപ്തിലെ ഫീബിസ് (Phibis). ഇപ്രകാരം അന്യജനതകളുടെ ജ്ഞാനം സ്വീകരിച്ച പ്രഭാഷകന്റെ ചിന്ത എല്ലാവിശ്വാസവും തുല്ല്യമാണ് (Syncretic) എന്നതായിരുന്നില്ല. മറിച്ച് ഒരു ജ്ഞാനിയുടെ തുറവിയും തന്റെ പൂർവികരുടെ വിശ്വാസത്തോടുള്ള ബഹുമാനവുമായിരുന്നു. രാജ്യത്തിനു പുറമെയുള്ള നന്മകൾ സ്വീകരിക്കാവുന്നതാണെന്നും അതിലൂടെ സ്വന്തം വിശ്വാസത്തെ കാലാനുസൃതമായി നവീകരിക്കാൻ കഴിയുമെന്നു കാണിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. സമകാലീനജനതകളിൽ പലതിന്റെയും ജ്ഞാനം സ്വീകരിച്ച പ്രഭാഷകൻ യഹൂദനിയമത്തെ യഥാർത്ഥ ജ്ഞാനമായി തിരിച്ചറിഞ്ഞുവെന്നതാണ് സത്യം. വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ, സ്വന്തം ജനതയുടെയും അന്യജനതകളുടെയും അനുഭവത്തിൽ നിന്നും തന്റെ തത്ത്വങ്ങളെ മെനഞ്ഞെടുത്ത പ്രഭാഷകന്റെ അടിസ്ഥാനപ്രമാണം ജ്ഞാനം ദൈവഭയമാണെന്നായിരുന്നു. യഥാർത്ഥ ജ്ഞാനത്തെ യഹൂദനിയമവുമായി തിരിച്ചറിയുകയും അങ്ങനെ പ്രഖ്യാപിക്കുകയും ചെയ്യുന്ന പ്രഭാഷകൻ ദൈവത്തെ ഭയപ്പെട്ടുകൊണ്ടും, അവന്റെ പ്രമാണങ്ങൾ അനുസരിച്ചുകൊണ്ടും മാത്രമേ

ജ്ഞാനം സ്വന്തമാക്കാൻ കഴിയൂ എന്ന് വിശ്വസിച്ചിരുന്നു: 'എല്ലാ ജ്ഞാനവും ദൈവഭക്തിയിലടങ്ങുന്നു; ജ്ഞാനത്തിൽ നിയമത്തിന്റെ പൂർത്തീകരണമുണ്ട്' (19:20). ജ്ഞാനം ദൈവഭയമാണെന്ന തന്റെ അടിസ്ഥാന തത്വമാണ് പ്രഭാഷകൻ ആദ്യം തന്നെ അവതരിപ്പിക്കുന്നത്: 'സർവ്വജ്ഞാനവും കർത്താവിൽ നിന്ന് വരുന്നു. അത് എന്നേക്കും അവിടുത്തോടുകൂടെയാണ്. കടൽത്തീരത്തെ മണൽത്തരികളും മഴത്തുള്ളികളും നിത്യതയുടെ ദിനങ്ങളും എണ്ണാൻ ആർക്ക് കഴിയും' (1:1–2); 'കർത്താവിനോടുള്ള ഭക്തി ജ്ഞാനത്തിന്റെ മകുടമാകുന്നു. അത് സമാധാനവും ആരോഗ്യവും സമൃദ്ധമാക്കുന്നു' (1:18). ഇതേ ത്തുടർന്നാണ് തന്റെ പുസ്തകത്തിന്റെ ആദ്യഭാഗത്തെ ഉപദേശങ്ങളെല്ലാം പ്രഭാഷകൻ നിരത്തിവെക്കുന്നത്. പുസ്തകത്തിന്റെ രണ്ടാം ഭാഗത്ത് മാനവീകരിച്ച ജ്ഞാനത്തിന്റെ വാക്കുകളിലൂടെ മേൽപ്പറഞ്ഞ ആശയം തന്നെ അവതരിപ്പിക്കുന്നത് കാണാം: 'അത്യുന്നതന്റെ നാവിൽ നിന്നും പുറപ്പെട്ട് മൂടൽമഞ്ഞുപോലെ ഞാൻ ഭൂമിയെ ആവരണം ചെയ്തു. ഉന്നതങ്ങളിൽ ഞാൻ വസിച്ചു; മേഘത്തൂണിലായിരുന്നു എന്റെ സിംഹാസനം' (24:3–4). ദൈവഭയത്തെ പ്രഭാഷകൻ ജ്ഞാനത്തിന്റെ ആരംഭമെന്നും (1:14), അതിനെ ജ്ഞാനത്തിന്റെ പൂർണതയെന്നും(1:16), ജ്ഞാനത്തിന്റെ മകുടമെന്നും (1:18), ജ്ഞാനത്തിന്റെ തായ്വേരെന്നും വിളിക്കുന്നു: 'അത് ഹൃദയത്തെ ആനന്ദിപ്പിക്കുന്നു. സന്തോഷവും ആനന്ദവും ദീർഘായുസ്സും പ്രദാനം ചെയ്യുന്നു. കർത്താവിനെ ഭയപ്പെടുന്നവന്റെ അവസാനം ശുഭമായിരിക്കാം; മരണദിവസം അവൻ അനുഗ്രഹീതനാവും' (1:12– 13). ബുദ്ധി മാനായമനുഷ്യൻ തന്റെ ജീവിതവിജയത്തിനായി ജ്ഞാനം സ്വന്തമാക്കണമെന്ന് പ്രഭാഷകൻ പഠിപ്പിച്ചു: 'മകനേ ചെറുപ്പം മുതലേ ജ്ഞാനോപദേശം തേടുക; വാർദ്ധക്യത്തിലും നീ ജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കും. ഉഴുതു വിതയ്ക്കുന്ന കർഷകനെപ്പോലെ അവളെ സമീപിക്കുകയും നല്ല വിളവിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുക: എന്തെന്നാൽ അവളുടെ വയലിൽ അല്പനേരം അദ്ധ്വാനിച്ചാൽ വളരെ വേഗം വിഭവങ്ങൾ ആസ്വദിക്കാം. ശിക്ഷണം ലഭിക്കാത്തവന് അവൾ കർക്കശയാണ്. ബുദ്ധിഹീനന് അവളോടുകൂടെ വസിക്കുക അസാധ്യം. അവൾ അവന് ദുർവഹമായ കല്ലുപോലെയാണ്. അവൻ അവളെ വേഗം ഉപേക്ഷിക്കും. ജ്ഞാനം അവളുടെ പേര് സൂചിപ്പിക്കുന്നതുപോലെ ഏറെപ്പേർക്കും അപ്രാപ്യമാണ്. മകനേ, എന്റെ തീരുമാനം സ്വീകരിക്കുക. എന്റെ ഉപദേശം നിരാകരിക്കരുത്. നിന്റെ കാലുകൾ അവൾ ബന്ധിക്കട്ടെ: നിന്റെ കഴു ത്ത് അവളുടെ ചങ്ങല അണിയട്ടെ. അവളുടെ നുകത്തിന് ചുമലു താഴ്ത്തുക; അവളുടെ കടിഞ്ഞാൺ കുടഞ്ഞെറിയരുത്. പൂർണ്ണഹൃദയത്തോടെ അവളെ സമീപിക്കുക; അവളുടെ മാർഗ്ഗത്തിൽത്തന്നെ സഞ്ചരിക്കാൻ സർവ്വശക്തിയും പ്രയോഗിക്കുക. അന്വേഷിക്കുകയും, തിരയുകയും ചെയ്യുക; അവൾ നിനക്ക് വെളിപ്പെടും. കണ്ടെത്തിക്കഴിഞ്ഞാൽ, വിട്ടുകളയരുത്. ഒടുവിൽ അവൾ നിനക്ക് ശാന്തി പ്രദാനം ചെയ്യും; അവൾ നിനക്ക് ആനന്ദമായി പരിണമിക്കുകയും ചെയ്യും. അപ്പോൾ അവളുടെ ബന്ധം നിനക്ക് സംരക്ഷണവും അവളുടെ ചങ്ങല നിനക്ക് അലങ്കാരവുമായിരിക്കും. അവളുടെ നുകം സ്വർണ്ണാഭരണവും കടിഞ്ഞാൺ നീലച്ചരടുമാകും. മഹത്വത്തിന്റെ നീലയങ്കിപോലെനീയവളെ ധരിക്കും. തിളങ്ങുന്ന കിരീടം പോലെ നീയവളെ അണിയും. മകനേ മനസ്സുവച്ചാൽ നിനക്ക് ജ്ഞാനിയാകാം, ഉത്സാഹിച്ചാൽ നിനക്ക് സമർത്ഥനാകാം. താൽപര്യപൂർവ്വം ശ്രദ്ധിച്ചാൽ അറിവു ലഭിക്കും. ഏകാഗ്രചിത്തൻ വിവേകിയാകും. മുതിർന്നവരുടെ ഇടയിൽ, പക്വമതിയോടുചേർന്ന് നിൽക്കുക; ദിവ്യഭാഷണം ശ്രവിക്കാൻ മനസ്സിരുത്തുക. ജ്ഞാനസൂക്തമൊന്നും വിട്ടുകളയരുത്. ജ്ഞാനിയായ ഒരുവനെ കണ്ടെത്തിയാൽ അവനെ സന്ദർശിക്കാൻ വൈകരുത്. നിന്റെ പാദങ്ങൾ അവന്റെ വാതിൽപ്പടി നിരന്തരം സ്പർശിക്കട്ടെ. കർത്താവിന്റെ നിയമങ്ങളെപ്പറ്റി ചിന്തിക്കുക; അവിടുത്തെ പ്രമാണങ്ങളെപ്പറ്റി സദാ ധ്യാനിക്കുക. അവിടുന്ന് തന്നെയാണ് നിനക്ക് ഉൾകാഴ്ച നൽകുന്നത്; നിന്റെ ജ്ഞാനതൃഷ്ണ അവിടുന്ന് ശമിപ്പിക്കും' (6:18–37). 'ഞാൻ കുറച്ചേ അദ്ധ്വാനിച്ചുള്ളൂ; എനിക്ക് ഏറെ വിശ്രമം കിട്ടിയെന്ന് കാണുവിൻ. വെള്ളി മുടക്കി വിദ്യ നേടിയാൽ ഏറെ സ്വർണ്ണം കര സ്ഥമാക്കാം' (51:27–28). എന്നാൽ ജ്ഞാനം മനുഷ്യൻ സ്വന്തം അദ്ധ്വാനത്തിലൂടെ മാത്രം സ്വന്തമാക്കുന്നതല്ല മറിച്ച് ദൈവസഹായത്തോടെ അവന്റെ പ്രയാണങ്ങൾ അനുസരിച്ചുകൊണ്ട് നേടുന്നതാകണം. കാരണം അത് ദൈവദാനമാണ്. ദൈവം അത് തന്നെ സ്നേഹിക്കുന്നവർക്കും (1:10) തന്റെ കല്പനകൾ പാലിക്കുന്നവർക്കുമാണ് നൽകുന്നത്: 'ജ്ഞാനം ആഗ്രഹി ക്കുന്നവൻ പ്രമാണം കാക്കട്ടെ; കർത്താവ് അത് പ്രദാനം ചെയ്യും' (1:26). അതുകൊണ്ട് പ്രഭാഷകന്റെ ഉപദേശവും ബോധ്യവുമിതാണ്: 'കർത്തൃഭയത്തേക്കാൾ ശ്രേഷ്ഠമോ കർത്താവിന്റെ കല്പന അനുസരിക്കുന്ന തിനേക്കാൾ മധുരമോ ആയി മറ്റൊന്നുമില്ലെന്ന് അവളെ അതിജീവിക്കുന്നവൻ അറിയും. ദൈവത്തെ അനുസരി
ക്കുന്നത് വലിയ ബഹുമതിയും അവിടുത്തെ അംഗീകാരം ദീർഘായുസ്സുമാണ്'(23:27–28). 'ജ്ഞാനം നേടിയവൻ എത്ര ശ്രേഷ്ഠൻ. ദൈവഭക്തനേക്കാൾ ഉത്കൃഷ്ടനായി ആരുമില്ല. ദൈവഭക്തി എല്ലാറ്റിനെയും അതിശയിക്കുന്നു; അതിനെ മുറുകെപ്പിടിക്കുന്ന വൻ അതുല്യൻ" (25:10–11). യവനസംസ്കാരത്തിന്റെ ആകർഷണത്തിൽപ്പെട്ട് അവരുടെ തത്ത്വശാസ്ത്രങ്ങളിൽ ആകൃഷ്ടരായി തങ്ങളുടെ പൂർവ്വികരുടെ പാരമ്പര്യത്തോട് വിടചൊല്ലാൻ തുടങ്ങുന്ന യഹൂദരോടുള്ള പ്രഭാഷകന്റെ ഉപദേശം ജറുസലേമാണ് യഥാർത്ഥ വിജ്ഞാന

കേന്ദ്രമെന്നായിരുന്നു (24:3-8). യഹൂദജനതയെ ഏറ്റവും ബഹുമാന്യതയുള്ള ജനതയായി പ്രഭാഷകൻ കണ്ടു (24:12); ജറുസലേമിനെ വി. നഗരമായും (24:11). തന്റെ ധ്യാനത്തിന്റെ അന്ത്യത്തിൽ ജ്ഞാനമെന്നത് ജറുസലേമിൽ വസിക്കുന്ന അത്യുന്നതന്റെ നിയമമാണെന്ന് പ്രഭാഷകൻ തിരിച്ചറിഞ്ഞു (24:23). ജ്ഞാനം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവൻ ദൈവപ്രമാണം അനുസരിക്കുകയും (15:1) അവരുടെ വിശ്വസ്തതയെ പരീക്ഷിക്കുന്ന കഷ്ടപ്പാടുകൾ സഹിക്കുകയും (2:1-10; 4:17-19) ചെയ്യണം. അങ്ങനെയായാൽ കഷ്ടപ്പാടിന്റെ ദിനങ്ങളിൽ ദൈവം വിശ്വാസിയെ കാത്തുകൊള്ളും (2:10-11). ജ്ഞാനം സ്വന്തമാക്കാനായി മനുഷ്യൻ നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കണം: 'മകനേ ചെറുപ്പം മുതലേ ജ്ഞാനോപദേശം തേടുക; വാർദ്ധക്യത്തിലും നീ ജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കും (6:18;14:20-27). പരിശ്രമിക്കുന്നവനെ ജ്ഞാനം അമ്മയെപ്പോലെയും നവവധുവിനെപ്പോലെയും സ്വീകരിക്കും (15:2). മനുഷ്യനെ മഹത്ത്വത്തിലേക്ക് നയിക്കുന്നത് ജ്ഞാനമാണെങ്കിലും (4:11-16) ജ്ഞാനം ഏറെപ്പേർക്കും അപ്രാപ്യമാണെന്നതാണ് സത്യം (6:22). ദൈവത്തെ ഭയപ്പെട്ടുകൊണ്ടും, നിയമംപാലിച്ചുകൊണ്ടും ജ്ഞാനത്തെ സ്വന്തമാക്കുന്നവൻ പാപം ചെയ്യാതെ സൂക്ഷിക്കുകയും വേണം, കാരണം ജ്ഞാനം പാപിയെ കൈവിടുമെന്നതുതന്നെ: 'അവൻ വഴിതെറ്റിപ്പോയാൽ, അവൾ അവനെ പരിത്യജിക്കുകയും നാശത്തിന് വിടുകയും ചെയ്യും'(4:19). അതുകൊണ്ടുതന്നെ പാപികൾക്കും വിഡ്ഢികൾക്കും ജ്ഞാനസമ്പാദനം അസാധ്യമാണ്: 'ഭോഷന്മാർക്ക് അവളെ സ്വന്തമാക്കാനോ പാപിക്ക് അവളെ കാണാനോ കഴിയില്ല. അഹങ്കാരികളിൽ നിന്ന് അവൾ അകന്ന് വർത്തിക്കുന്നു. നുണയന്മാരുടെ ചിന്തയ്ക്ക് അവൾ അപ്രാപ്യയാണ്. സ്തോത്രഗീതം പാപിക്ക് ഇണങ്ങുന്നില്ല' (15:7-8).

## പ്രവൃത്തികൾക്കനുസരിച്ച് പ്രതിഫലം

സുഭാഷിതങ്ങളിലെ അടിസ്ഥാനപ്രമാണമായ പ്രവർത്തികൾക്കനുസരിച്ച് പ്രതിഫലമെന്ന തത്വം പ്രഭാഷകൻ അടിസ്ഥാനപരമായി അംഗീകരിക്കുന്നു: 'പാപിയുടെ ഭാഗ്യത്തിൽ അസൂയപ്പെടരുത്. അവന്റെ അവസാനം നിനക്കറിയില്ലല്ലോ. അഹങ്കാരിയുടെ വിജയത്തിൽ ഭ്രമിക്കേണ്ടാ; മരിക്കും മുമ്പ് അവർക്ക് ശിക്ഷ ലഭിക്കും' (9:11-12); 'കരുണ കാണിക്കാൻ കർത്താവ് അവസരം കണ്ടെത്തും. പ്രവൃത്തികൾക്കനുസരിച്ച പ്രതിഫലം ഓരോരുത്തനും ലഭിക്കും' (16:14); 'അവിടുന്ന് അവരോട് പകരം ചോദിക്കും; അവരുടെ പ്രതിഫലം അവരുടെ ശിരസ്സിൽ പതിക്കും' (17:23); 'നീതിയെ പിന്തുടർന്നാൽ നിനക്കത് ലഭിക്കും; മഹനീയമായ അങ്കിപോലെ അത് ധരിക്കുക. പക്ഷികൾ സ്വന്തം വർഗ്ഗത്തോടു കൂട്ടം ചേരുന്നതുപോലെ സത്യസന്ധത സത്യസന്ധനോട് ചേരുന്നു' (27:89). "നിശ്ചിത സമയത്തിനുമുമ്പ് ജോലി പൂർത്തിയാക്കുവിൻ യഥാകാലം ദൈവം നിങ്ങൾക്ക് പ്രതിഫലം നൽകും" (51:30); 'താൻ കുഴിച്ചകുഴിയിൽ താൻതന്നെ വീഴും; താൻ വെച്ച കെണിയിൽ താൻതന്നെ കുടുങ്ങും. താൻ ചെയ്ത തിന്മ തന്റെ മേൽ തന്നെ പതിക്കും. അത് എവിടെനിന്നുവന്നെന്ന് അവൻ അറിയുകയില്ല' (27:26-27). എന്നാൽ ഈ അടിസ്ഥാന തത്ത്വത്തോടൊപ്പം സഭാപ്രസംഗകനിലെയും, ജോബിലെയുംപോലെ ദൈവം അപരിമിതനും മനുഷ്യ ബുദ്ധിക്കതീതനുമാണെന്നും നല്കപ്പെട്ട ജീവിതം ആസ്വദിക്കുകയും അംഗീകരിക്കുകയുമാണാവശ്യമെന്നും പ്രഭാഷകൻ പറയുന്നു. ജോബിന്റെ പുസ്തകം നൽകുന്ന 'എല്ലാം മനുഷ്യന് വിശദീകരിക്കാൻ കഴിയില്ല' എന്ന ജ്ഞാനവീക്ഷണം സ്വന്തമാക്കിയ പ്രഭാഷകൻ ഇപ്രകാരം പറയും: 'എന്റെ മകനെ നീ കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക. നിന്റെ ഹൃദയം അവക്രവും അചഞ്ചലവുമായിരിക്കട്ടെ; ആപത്തിൽ അടിപതറരുത്. അവിടുത്തോട് വിട്ടകലാതെ ചേർന്നു നിൽക്കുക. നിന്റെ അന്ത്യദിനങ്ങൾ ധന്യമായിരിക്കും. വരുന്ന ദുരിതങ്ങളെല്ലാം സ്വീകരിക്കുക; ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത വെടിയരുത്, എന്തെന്നാൽ സ്വർണ്ണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു'(2:1-5). "ഒരുവന് ഐശ്വര്യമുണ്ടാകുമ്പോൾ ശത്രുക്കൾ ദുഃഖിക്കുന്നു; കഷ്ടതയിൽ സ്നേഹിതന്മാർപോലും അകന്നുപോകും" (12:9). ജോബിന്റെ സുഹൃത്തുക്കളെ ഓർമ്മിച്ചുകൊണ്ടാവാം പ്രഭാഷകൻ ഈ വചനം പറയുന്നത്. ജ്ഞാനിയാകാൻ ആഗ്രഹിക്കുന്നവൻ ജോബിന്റെ അനുഭവത്തിലൂടെ കടന്നുപോകേണ്ടിവരുമെന്ന് അറിയണം: 'ജ്ഞാനം തന്റെ പുത്രന്മാരെ മഹത്വത്തിലേക്ക് ഉയർത്തുകയും തന്നെ തേടുന്നവനെ സഹായിക്കുകയും ചെയ്യുന്നു. അവളെ സ്നേഹിക്കുന്നവൻ ജീവനെ സ്നേഹിക്കുന്നു: അവളെ അതിരാവിലെ അന്വേഷിക്കുന്നവൻ ആനന്ദം കൊണ്ട് നിറയും. അവളെ ആശ്ലേഷിക്കുന്നവൻ മഹത്വം പ്രാപിക്കും; അവൻ വസിക്കുന്നിടം കർത്താവിനാൽ അനുഗ്രഹീതം. അവളെ സ്നേഹിക്കുന്നവൻ പരിശുദ്ധനായവനെ സേവിക്കുന്നു. അവളെ സ്നേഹിക്കുന്നവനെ കർത്താവ് സ്നേഹിക്കുന്നു. അവളെ അനുസരിക്കുന്നവൻ ജനതകളെ വിധിക്കും. അവളുടെ വാക്കുകേൾക്കുന്നവൻ സുരക്ഷിതനായിരിക്കും. അവളെ വിശ്വസിക്കുന്നവന് അവളെ ലഭിക്കും. അവന്റെ സന്തതികൾക്കും അവൾ അധീനയായിരിക്കും. ആദ്യം അവനെ ക്ലിഷ്ടമാർഗ്ഗങ്ങളിലൂടെ നയിക്കും; അങ്ങനെ അവനിൽ ഭയവും ഭീരുത്വവും ഉളവാക്കും; അവനിൽ വിശ്വാസ

മുറയ്ക്കുന്നതുവരെ അവൾ തന്റെ ശിക്ഷണത്താൽ അവനെ പീഡിപ്പിക്കും; തന്റെ ശാസനങ്ങൾവഴി അവനെ പരീക്ഷിക്കുകയും ചെയ്യും. അതിനു ശേഷം അവൾ നേർവഴികാട്ടി അവനെ ആനന്ദിപ്പിക്കുകയും അവന് തന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തികൊടുക്കുകയും ചെയ്യും' (4:11-18). ഇവിടെ ജോബിന്റെ അനുഭവമാണ് പ്രഭാഷകന്റെ മനസ്സിലുള്ളതെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. എല്ലാം ദൈവദാനമാണെന്നും അവിടുന്ന് തന്ന ജീവിതം ആസ്വദിച്ചുകൊള്ളുകയെന്നും പറയുന്ന സഭാപ്രസംഗകനോടൊത്ത് പ്രഭാഷകൻ ഇപ്രകാരം പറയും: 'ഇന്നിന്റെ സന്തോഷങ്ങൾ നഷ്ടപ്പെടുത്തരുത്; നിനക്ക് അർഹമായ സന്തോഷത്തിന്റെ ഓഹരി വേണ്ടെന്ന് വയ്ക്കരുത്. നിന്റെ പ്രയത്നത്തിന്റെ ഫലം മറ്റുള്ളവർക്ക് വിട്ടിട്ടുപോകുകയും നീ അദ്ധ്വാനിച്ച് സമ്പാദിച്ചവ അവർ പങ്കിട്ടെടുക്കുകയും ചെയ്യുകയില്ലേ? കൊണ്ടും കൊടുത്തും ജീവിതം ആസ്വദിക്കുക; പാതാളത്തിൽ സുഖം അനുഭവിക്കാൻ കഴിയുകയില്ല' (14:14-16). ജീവിതം ഓരോരുത്തർക്കും, നൽകപ്പെട്ടിരിക്കുന്നതുപോലെ സ്വീകരിക്കുകയാണാവശ്യമെന്ന് ജോബും സഭാപ്രസംഗകനും പറയാൻ കാരണം, ദൈവം അപരിമേയനാണെന്നതും മനുഷ്യന് ദൈവത്തെ പൂർണ്ണമായി അറിയാൻ കഴിയില്ല എന്നുമുള്ള ബോധ്യങ്ങളായിരുന്നു. അതുതന്നെയാണ് പ്രഭാഷകനും ചിന്തിക്കുന്നത്: 'മനുഷ്യദൃഷ്ടിക്ക് അഗോചരമായ കൊടുങ്കാറ്റുപോലെ അവിടുത്തെ മിക്ക പ്രവൃത്തികളും മറഞ്ഞിരിക്കുന്നു' (16:21). 'എന്നേക്കും ജീവിക്കുന്നവൻ പ്രപഞ്ചം സൃഷ്ടിച്ചു. കർത്താവ് മാത്രമാണ് നീതിമാൻ. അവിടുത്തെ പ്രവൃത്തി വിളംബരം ചെയ്യാൻ പോരുന്ന ശക്തി ആർക്കും നൽകപ്പെട്ടിട്ടില്ല. അവിടുത്തെ മഹത്തായ പ്രവൃത്തികൾ അളക്കാൻ ആർക്ക് കഴിയും? അവിടുത്തെ മഹത്ത്വപൂർണ്ണമായ ശക്തി തിട്ടപ്പെടുത്താൻ ആർക്ക് സാധിക്കും? അവിടുത്തെ കാരുണ്യം വർണ്ണിക്കാൻ ആർക്ക് കഴിയും? അവ കൂട്ടുകയോ കുറയ്ക്കുകയോ സാധ്യമല്ല; അവിടുത്തെ അത്ഭുതങ്ങളെ അളക്കാൻ ആർക്കും കഴിയുകയില്ല. മനുഷ്യന്റെ അന്വേഷണം അങ്ങേയറ്റത്തെത്തിയാലും, അവൻ ആരംഭത്തിൽതന്നെ നിൽക്കുകയേ ഉള്ളൂ; അവന് അത് എന്നും പ്രഹേളികയായിരിക്കും' (18:1-7). 'വസ്ത്രമോടിയിൽ അഹങ്കരിക്കരുത്. ബഹുമാനിതനാകുമ്പോൾ ഞെളിയരുത്, എന്തെന്നാൽ കർത്താവിന്റെ പ്രവർത്തികൾ വിസ്മയകരവും മനുഷ്യദൃഷ്ടിക്ക് അഗോചരവുമാണ്' (11:4). ദൈവം നീതിമാനാകയാൽ (23:19) സുഭാഷിതങ്ങളുടെ അടിസ്ഥാനതത്വമായ പ്രവൃത്തികൾക്കനുസൃതമായ പ്രതിഫലം ലഭിക്കുമെന്ന് വിശ്വസിക്കുന്നതോടൊപ്പം ജോബിനെപ്പോലുള്ള നീതിമാൻമാരുടെ സഹനങ്ങളും, ദുഷ്ടമാരുടെ അഭിവൃദ്ധിയുമൊന്നും പലപ്പോഴും മനുഷ്യന് വിശദീകരിക്കാൻ കഴിവില്ലെന്ന് ബോധവാനുമായിരുന്ന പ്രഭാഷകൻ ഇപ്രകാരം അനുമാനിച്ചു: 'മൃത്യുദിനത്തിലും പ്രവൃത്തിക്കൊത്ത പ്രതിഫലം നൽകാൻ കർത്താവിന് കഴിയും; ഒരു നാഴിക നേരത്തെ വേദന കഴിഞ്ഞകാലത്തെ സുഖങ്ങൾ മുഴുവൻ മായ്ച്ചുകളയുന്നു; ജീവിതാന്തത്തിൽ മനുഷ്യന്റെ യഥാർത്ഥ സ്വഭാവം വെളിപ്പെടും' (11:26-27).

### മരണാനന്തര ജീവിതം

പ്രഭാഷകന്റെ കാലത്തുപോലും മരണാനന്തര ജീവിതത്തെക്കുറിച്ച് യഹൂദർ കാര്യമായി ചിന്തിക്കാൻ തുടങ്ങിയിരുന്നില്ല. മരണശേഷം മനുഷ്യൻ ഇരുട്ടിന്റെ ഇരിപ്പിടമായ പാതാളത്തിലേക്ക് പോകുമെന്ന് പ്രഭാഷകൻ കരുതി: 'ജീവിക്കുന്നവർ അത്യുന്നതന് സ്തുതിഗീതം പാടുന്നതുപോലെ പാതാളത്തിൽ ആര് അവിടുത്തെ സ്തുതിക്കും? അസ്ഥിത്വമില്ലാത്തവനിൽ നിന്നെന്നപോലെ മനുഷ്യൻ മരിക്കുമ്പോൾ അവന്റെ സ്തുതികൾ നിലയ്ക്കുന്നു; ആരോഗ്യത്തോടെ ജീവിക്കുന്നവരാണ് കർത്താവിനെ സ്തുതിക്കുന്നത്' (17:27-28). മരണശേഷം ഒരുവൻ ജീവിക്കുന്നത് അവന്റെ മക്കളിലൂടെയാണ്: പുത്രനെ സ്നേഹിക്കുന്നവൻ അവനെ പലപ്പോഴും അടിക്കുന്നു; വളർന്ന് വരുമ്പോൾ അവൻ പിതാവിനെ സന്തോഷിപ്പിക്കും. മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും; സ്നേഹിതരുടെ മുമ്പിൽ അവനെക്കുറിച്ച് അഭിമാനിക്കുകയും ചെയ്യും. മകനെ പഠിപ്പിക്കുന്നവൻ ശത്രുക്കളെ അസൂയാലുക്കളാക്കുന്നു; സ്നേഹിതരുടെ മുമ്പിൽ അവന് അഭിമാനിക്കാം. ആ പിതാവ് മരിച്ചാലും മരിക്കുന്നില്ല. തന്നെപ്പോലെ ഒരുവനെ അവൻ അവശേഷിപ്പിച്ചിട്ടുണ്ട് (30:1-4).

### പ്രഭാഷകനും ഏകദൈവവിശ്വാസവും

വിശ്വാസത്തിന്റെ വെളിച്ചത്തിൽ ജീവിതാനുഭവങ്ങളെ വിലയിരുത്തുകയും, സ്വന്തമായതും മറ്റുള്ളവരുടേതുമായ അനുഭവങ്ങളെ ആ വിശ്വാസത്തിന്റെ വെളിച്ചത്തിൽ കാണുകയും ചെയ്ത പ്രഭാഷകൻ ഇസ്രയേലിന്റെ ദൈവമാണ് യഥാർത്ഥ ദൈവമെന്നും അവനല്ലാതെ മറ്റൊരു ദൈവമില്ലെന്നും വിശ്വസിച്ചു. നിയമാവർത്തന ചരിത്രകാരൻ നീതിമാന്മാരായി വിലയിരുത്തിയ രാജാക്കന്മാരെ മാത്രം നീതിമാന്മാരായിക്കണ്ട പ്രഭാഷകൻ (49:14) ഇസ്രായേലിന്റെ ആ വലിയ ഏകദൈവപാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് ഏകദൈവമായ

യാഹ്‌വെയെ എല്ലാവരും അറിയണമെന്നും ആഗ്രഹിച്ചു (36:1-2, 4-5). "എല്ലാറ്റിന്റെയും ദൈവമായ കർത്താവേ, ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമേ! എല്ലാ ജനതകളും അങ്ങയെ ഭയപ്പെടാനിടയാക്കണമേ! അന്യ ജനതകൾക്കെതിരെ അവിടുന്ന് കരമുയർത്തണമേ! അവിടുത്തെ ശക്തി അവർ ദർശിക്കട്ടെ അവരുടെ മുമ്പിൽ ഞങ്ങൾ അങ്ങയെ മഹത്ത്വപ്പെടുത്തുന്നതുപോലെ ഞങ്ങളുടെ മുമ്പിൽ അവർ അവിടുത്തെ മഹത്ത്വപ്പെടുത്താൻ ഇടയാക്കണമേ! കർത്താവേ, ഞങ്ങൾ അങ്ങയെ അറിഞ്ഞതുപോലെ അവരും അങ്ങയെ അറിയുകയും, അങ്ങല്ലാതെ മറ്റൊരു ദൈവമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യട്ടെ!" (36:1-5). സത്യദൈവം അനാദിയാണ് (42:21); അവിടുന്നാണ് തന്റെ വചനത്തിലൂടെ എല്ലാം സൃഷ്ടിച്ചത് (39:18-21; 42:15); അവൻ എല്ലാമറിയുകയും ചെയ്യുന്നു (39:19-20, 42:18-20). ജ്ഞാനി തന്റെ അറിവിനടിസ്ഥാനമായിക്കാണുന്ന പ്രപഞ്ചത്തിലെ ക്രമം മുഴുവനും ദൈവത്തിന്റെ ജ്ഞാനവും ശക്തിയുമാണ് കാണിക്കുന്നത് (43:1-33). പ്രപഞ്ചത്തിലെ വസ്തുക്കളും സംഭവങ്ങളും ഒന്നിനോടൊന്ന് ചേർത്ത് ദൈവം ക്രമീകരിച്ചിരിക്കുകയാണ് (16:26-30). ദൈവത്തിന്റെ ഈ പ്രവൃത്തികളെ നോക്കി: 'അവിടുത്തെ പ്രവൃത്തികൾ എത്ര അഭികാമ്യം! അവ കാഴ്ചയ്ക്ക് എത്ര ദീപ്തമാണ്!' (42:22) എന്നത്ഭുതപ്പെടാനേ മനുഷ്യന് കഴിയുകയുള്ളൂ. പ്രപഞ്ചസ്രഷ്ടാവും പരിപാലകനുമായ ഈ ദൈവം ഇസ്രായേലിനോടു മാത്രമല്ല സകല ജനപദങ്ങളോടും കാരുണ്യം കാണിക്കുന്നവനാണ്: 'മനുഷ്യന്റെ സഹതാപം അയൽക്കാരനോടാണ്. എന്നാൽ, കർത്താവ് സകല ജീവജാലങ്ങളോടും ആർദ്രത കാണിക്കുന്നു. അവിടുന്നവരെ ശാസിക്കുന്നു അവർക്ക് ശിക്ഷണവും, പ്രബോധനവും നൽകുന്നു. ഇടയൻ ആടുകളെ എന്നപോലെ അവരെ തിരിച്ചുകൊണ്ടു വരുകയും ചെയ്യുന്നു' (18:13). ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവും, പരിപാലകനുമായി ഒരു ദൈവമേ ഉള്ളുവെങ്കിൽ, ആ ദൈവത്തിന്റെ നിയമമാണ് പ്രപഞ്ചത്തെ ക്രമീകരിക്കുകയും (ജ്ഞാനം) അതിനെ ദൈവത്തോടടുപ്പിക്കുകയും ചെയ്യുന്നതെങ്കിൽ, പ്രപഞ്ചത്തിൽ ദൈവം അന്തർലീനമാക്കിയിരിക്കുന്ന നിയമവും (ജ്ഞാനവും) ദൈവം വെളിപ്പെടുത്തിയ നിയമവും (തോറ) ഒന്നാണെന്ന് പറയാൻ കഴിയും. അതുകൊണ്ടാണ് ജ്ഞാനമാണ് ദൈവത്തിന്റെ നിയമമെന്ന് പ്രഭാഷകൻ കരുതിയത്: 'ജ്ഞാനത്തിന്റെ വാക്കുകൾ അവൾക്ക് തന്നെ പുകഴ്ചയാണ്. തന്റെ ജനത്തിന്റെ മധ്യത്തിൽ അവൾ മഹത്ത്വമാർജ്ജിക്കുന്നു. അത്യുന്നതന്റെ നാവിൽ നിന്ന് പുറപ്പെട്ട് മൂടൽമഞ്ഞുപോലെ ഞാൻ ഭൂമിയെ ആവരണം ചെയ്തു. ഉന്നതങ്ങളിൽ ഞാൻ വസിച്ചു. മേഘത്തൂണിലായിരുന്നു എന്റെ സിംഹാസനം. അവിടുന്ന് പറഞ്ഞു: യാക്കോബിൽ വാസമുറപ്പിക്കുക; ഇസ്രയേലിൽ നിന്റെ അവകാശം സ്വീകരിക്കുക. വിശുദ്ധമന്ദിരത്തിൽ അവിടുത്തെ മുമ്പിൽ ഞാൻ ശുശ്രൂഷ ചെയ്തു; സീയോനിൽ ഞാൻ വാസമുറപ്പിച്ചു. എന്നെ ഭുജിക്കുന്നവന്റെ വിശപ്പ് ശമിക്കുകയില്ല; പിന്നെയും ആഗ്രഹിക്കും. എന്നെ പാനം ചെയ്യുന്നവൻ വീണ്ടും അഭിലഷിക്കും, എന്നെ അനുസരിക്കുന്നവൻ ലജ്ജിതനാവുകയില്ല. എന്റെ സഹായത്തോടെ അധ്വാനിക്കുന്നവൻ പാപത്തിൽ വീഴുകയില്ല. ഇതെല്ലാമാണ് അത്യുന്നത ദൈവത്തിന്റെ ഉടമ്പടി ഗ്രന്ഥം; യാക്കോബിന്റെ സമൂഹങ്ങൾക്ക് അവകാശമായി മോശ നമുക്ക് കല്പിച്ചു നല്കിയ നിയമം' (24:1-24). മോശയെക്കുറിച്ചുള്ള വിചിന്തനവേളയിൽ പ്രഭാഷകൻ തന്റെ ഈ വീക്ഷണം ഒരിക്കൽക്കൂടി വെളിപ്പെടുത്തുന്നു: 'ഇരുണ്ടമേഘങ്ങൾക്കുള്ളിലേക്ക് അവിടുന്ന് അവനെ നയിച്ചു; മുഖാഭിമുഖം കല്പനകൾ, ജീവന്റെയും വിജ്ഞാനത്തിന്റെയും നിയമം, അവിടുന്ന് നൽകി; യാക്കോബിനെ തന്റെ ഉടമ്പടിയും, ഇസ്രായേലിനെ തന്റെ നീതിയും അഭ്യസിപ്പിക്കേണ്ടതിന് തന്നെ." അതുകൊണ്ട് പ്രഭാഷകന് പറയാനുണ്ടായിരുന്നത് ഇതാണ്: 'ജ്ഞാനി നിയമത്തെ വെറുക്കുകയില്ല. അതിനോട് ആത്മാർത്ഥതയില്ലാത്തവൻ കൊടുങ്കാറ്റിൽപ്പെട്ട തോണി പോലെയാണ്. വിവേകി നിയമത്തിൽ ആശ്രയിക്കും. ഉറിം കൊണ്ടുള്ള നിശ്ചയംപോലെ നിയമം അവന് വിശ്വാസ്യമാണ്' (33:2-3). യാക്കോബിന്റെ ദൈവമാണ് ലോകസ്രഷ്ടാവായ ദൈവമെന്നത് സത്യമെങ്കിൽ, അവിടുത്തെ നിയമം ജ്ഞാനമാണ് തരുന്നതെങ്കിൽ, ആ നിയമം കുടികൊള്ളുന്ന ദേവാലയം ജ്ഞാനത്തിന്റെ ഇരിപ്പിടമാണ്: 'അവിടുന്ന് പറഞ്ഞു: യാക്കോബിൽ വാസമുറപ്പിക്കുക, ഇസ്രായേലിൽ നിന്റെ അവകാശം സ്വീകരിക്കുക. കാലം ആരംഭിക്കുന്നതിനുമുമ്പ് അവിടുന്ന് എന്നെ സൃഷ്ടിച്ചു; ഞാൻ അനന്തമായി നിലനിൽക്കുന്നു. വിശുദ്ധമന്ദിരത്തിൽ അവിടുത്തെ മുമ്പിൽ ഞാൻ ശുശ്രൂഷ ചെയ്തു; സീയോനിൽ ഞാൻ വാസമുറപ്പിച്ചു. അങ്ങനെ പ്രിയങ്കരമായ നഗരത്തിൽ അവിടുന്നെനിക്ക് വിശ്രമം നൽകി. ജറുസലേമിൽ എനിക്ക് ആധിപത്യവും" (24:8b-11). മോശ നൽകുന്ന നിയമം ജ്ഞാനമാണ് പ്രദാനം ചെയ്യുന്നതെങ്കിൽ, അത് നിഷ്കർഷിക്കുന്ന ബലികളും കാഴ്ചകളും അവ ദൈവതിരുമുമ്പിൽ സമർപ്പിക്കുന്ന പുരോഹിതരും പ്രധാനപ്പെട്ടവനാണ്: 'നീതിമാന്റെ ബലി, ബലിപീഠത്തെ അഭിഷേകം ചെയ്യുന്നു; അതിന്റെ സുഗന്ധം അത്യുന്നതന്റെ സന്നിധിയിലേക്ക് ഉയരുന്നു. നീതിമാന്റെ ബലി സ്വീകാര്യമാണ്; അത് വിസ്മരിക്കപ്പെടുകയില്ല. കർത്താവിനെ മനം തുറന്ന് മഹത്വപ്പെടുത്തുക; ആദ്യഫലം സമർപ്പിക്കുമ്പോൾ ലുബ്ധ് കാണിക്കരുത്. കാഴ്ച സമർപ്പിക്കുമ്പോൾ മുഖം വാടരുത്. സന്തോഷത്തോടെ ദശാംശം കൊടുക്കുക; അത്യുന്നതൻ നൽകിയ പോലെ അവിടുത്തേക്ക് തിരികെ കൊടുക്കുക. കർത്താവ് പ്രതിഫലം നൽകുന്നവനാണ്. അവിടുന്ന് ഏഴിരട്ടിയായി തിരികെത്തരും" (35:8-13). നിയ

മമനുശാസിക്കുന്ന ബലികൾപോലെ തന്നെ പ്രധാനപ്പെട്ടവരാണ് അവയർപ്പിക്കുന്ന പുരോഹിതരും. ഇസ്രായേലിന്റെ ആദ്യപുരോഹിതനായ അഹറോനെക്കുറിച്ച് പ്രത്യേകമായ ഒരു വിചിന്തനം നടത്തിയതു കൂടാതെതന്നെ (45:6-12), ഇസ്രായേലിലെ പുരോഹിതന്മാരെക്കുറിച്ച് മറ്റ് ഉപദേശങ്ങളും പ്രഭാഷകൻ നൽകി: 'പൂർണ്ണഹൃദയത്തോടെ കർത്താവിനെ ഭയപ്പെടുക; അവിടുത്തെ പുരോഹിതന്മാരെ ബഹുമാനിക്കുക; സർവ്വശക്തിയോടും കൂടെ സ്രഷ്ടാവിനെ സ്നേഹിക്കുക; അവിടുത്തെ ശുശ്രൂഷകരെ പരിത്യജിക്കരുത്. കർത്താവിനെ ഭയപ്പെടുകയും, പുരോഹിതനെ ബഹുമാനിക്കുകയും, കല്പനപ്രകാരമുള്ള വിഹിതം അവന് നൽകുകയും ചെയ്യുക'(7:29-31). ആദ്യ പുരോഹിതനായ അഹറോനെയും തുടർന്നുവന്ന ഫിനെഹസ്സിനെയുമെന്നപോലെ മക്കബായക്കാരുടെ കാലത്തുണ്ടായിരുന്നതും, ഒരുപക്ഷെ പ്രഭാഷകന്റെ സമകാലികനുമായിരുന്ന ശിമയോനെയും ബഹുമാനിക്കുന്നതിന് പ്രഭാഷകൻ മടികാണിച്ചില്ല (50:1-21). ബലിയർപ്പിക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറയുകയും പുരോഹിതരെ ബഹുമാനിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം, ബലിയർപ്പണം അതിന് ചേർന്ന ധാർമിക - ആത്മീയനിലപാടുകളോട് കൂടി ചെയ്താൽ മാത്രമേ നീതിമാനായ ദൈവത്തിന്റെ സന്നിധിയിൽ സ്വീകാര്യമാവുകയുള്ളൂവെന്ന് പ്രഭാഷകൻ പഠിപ്പിച്ചു: 'അന്യായസമ്പത്തിൽ നിന്നുള്ള ബലി പങ്കിലമാണ്; നിയമനിഷേധകന്റെ കാഴ്ചകൾ സ്വീകാര്യമല്ല; ദൈവഭക്തിയില്ലാത്തവന്റെ ബലികളിൽ അത്യുന്നതൻ പ്രസാദിക്കുന്നില്ല; അവൻ, എത്ര ബലിയർപ്പിച്ചാലും അവിടുന്ന് പ്രസാദിക്കുകയോ പാപമോചനം നൽകുകയോ ഇല്ല" (34:21-23); 'നീതിമാന്റെ ബലി സ്വീകാര്യമാണ് അത് വിസ്മരിക്കപ്പെടുകയില്ല' (35:9). നിയമം അനുസരിക്കുന്നതാണ് യാന്ത്രികമായ ബലിയർപ്പണത്തേക്കാൾ ശ്രേഷ്ഠം: 'നിയമം പാലിക്കുന്നത് നിരവധി ബലികൾ അർപ്പിക്കുന്നതിന് തുല്യമാണ്. കല്പനകൾ അനുസരിക്കുന്നത് സമാധാനബലിക്ക് തുല്യവും; കരുണയ്ക്ക് പകരം കരുണ കാണിക്കുന്നത്, ധാന്യബലിക്ക് തുല്യമാണ്. ഭിക്ഷകൊടുക്കുന്നവൻ കൃതജ്ഞതാ ബലിയർപ്പിക്കുന്നു; ദുഷ്ടതയിൽ നിന്നൊഴിയുന്നത് കർത്താവിന് പ്രീതികരമാണ്; അനീതി വർജിക്കുന്നത് പാപപരിഹാര ബലിയാണ്' (35:1-5). ബലി സ്വീകാര്യമാക്കാൻ മാത്രമല്ല, ജ്ഞാനിയാകാൻ മനുഷ്യൻ എല്ലാ വിധത്തിലും പൂർണ്ണനായിരിക്കണമെന്ന് പ്രഭാഷകൻ ചിന്തിച്ചു: 'ദരിദ്രന്റെ ജീവൻ അവന്റെ ആഹാരമാണ്; അത് അപഹരിക്കുന്നവൻ കൊലപാതകിയാണ്. അയൽക്കാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ അവനെ കൊല്ലുകയാണ്. വേലക്കാരന്റെ കൂലികൊടുക്കാതിരിക്കുക രക്തച്ചൊരിച്ചിലാണ്. ഒരുവൻ പണിയുന്നു; അപരൻ നശിപ്പിക്കുന്നു; അദ്ധ്വാനമല്ലാതെ അവർക്കെന്തു ലാഭം? ഒരുവൻ പ്രാർത്ഥിക്കുന്നു; അപരൻ ശപിക്കുന്നു; ആരുടെ ശബ്ദമാണ് കർത്താവ് ശ്രദ്ധിക്കുക' (34:25-29). 'കർത്താവിന് കൈക്കൂലികൊടുക്കരുത് അവിടുന്ന് സ്വീകരിക്കുകയില്ല; അനീതിപൂർവ്വമായ ബലിയിൽ ആശ്രയിക്കരുത്. കർത്താവ് പക്ഷപാതമില്ലാത്ത ന്യായാധിപനാണ്. അവിടുന്ന് ദരിദ്രനോട് പക്ഷപാതം കാണിക്കുന്നില്ല. തിന്മയ്ക്ക് വിധേയനായവന്റെ പ്രാർത്ഥന അവൻ കേൾക്കും. അനാഥന്റെ പ്രാർത്ഥനയോ, വിധവയുടെ പരാതികളോ അവിടുന്ന് അവഗണിക്കുകയില്ല' (35:14-17). സാമൂഹ്യനീതിയും ദാനധർമ്മവും പാലിക്കണമെന്ന് പ്രഭാഷകൻ പഠിപ്പിച്ചു: 'പാവപ്പെട്ടവന്റെ വാക്ക് ശ്രദ്ധിച്ച് കേട്ട് സമാധാനത്തോടും സൗമ്യതയോടുംകൂടി മറുപടി നൽകുക. മർദ്ദകന്റെ കൈയിൽ നിന്നും മർദ്ദിതനെ രക്ഷിക്കുക. അചഞ്ചലനായി ന്യായം വിധിക്കുക. അനാഥർക്ക് പിതാവും, അവരുടെ അമ്മയ്ക്ക് ഭർതൃതുല്യനും ആയിരിക്കുക; അപ്പോൾ അത്യുന്നതൻ നിന്നെ പുത്രനെന്ന് വിളിക്കുകയും അമ്മയുടേതിനേക്കാൾ വലിയ സ്നേഹം, അവിടുന്ന് നിന്നോട് കാണിക്കുകയും ചെയ്യും' (4:8-10). 'ജലം ജ്വലിക്കുന്ന അഗ്നിയെ കെടുത്തുന്നതുപോലെ ദാനധർമ്മം പാപത്തിന് പരിഹാരമാണ്'(3:30). ഇപ്രകാരം പൂർവ്വികരുടെ വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടും, നിയമത്തിലും പ്രവാചകന്മാരിലുമുള്ള സന്ദേശം മനനംചെയ്തുകൊണ്ടും യഹൂദരുടെയും അന്യദേശക്കാരുടെയും ജ്ഞാനോപദേശങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടും ഉന്നതവും പക്വവും അനുഭവാധിഷ്ഠിതമായ ഉപദേശങ്ങളാണ് പ്രഭാഷകൻ നല്കുന്നത്. സുഭാഷിതങ്ങളുടെതുപോലെ പ്രഭാഷകൻ ചർച്ചചെയ്യുന്ന വിഷയങ്ങൾ അനവധിയാണ്; എന്നാൽ സുഭാഷിതങ്ങളിൽനിന്ന് വ്യത്യസ്തമായി ഓരോ വിഷയത്തെക്കുറിച്ചുള്ള സൂക്തങ്ങളും പഴഞ്ചൊല്ലുകളുമൊക്കെ ഒരുമിച്ചുചേർത്ത് വയ്ക്കുവാൻ പ്രഭാഷകൻ ശ്രമിക്കുന്നുണ്ടെന്ന് മാത്രം.

## പ്രഭാഷകൻ പുതിയ നിയമത്തിലേയ്ക്ക് ഒരു വഴികാട്ടി

നിയമവും പ്രവാചകന്മാരും തനിക്ക് മുമ്പുണ്ടായിരുന്ന ഗുരുക്കന്മാരുടെ സൂക്തങ്ങളും ചരിത്രങ്ങളുമെല്ലാം വിചിന്തനവിഷയമാക്കിയ പ്രഭാഷകൻ വളരെ ഉന്നതമായ ഒരു ദൈവശാസ്ത്രം അവതരിപ്പിച്ചുകൊണ്ട് പുതിയ നിയമത്തിലേയ്ക്ക് വിരൽ ചൂണ്ടുകയും ക്രിസ്തീയ ദൈവശാസ്ത്രത്തിന് അടിത്തറപാകുകയും ചെയ്തു. പ്രഭാഷകൻ നൽകുന്ന ധാർമ്മികോപദേശങ്ങളെല്ലാംതന്നെ ക്രിസ്തീയമാണ്. മിശിഹാ വരുന്ന

തിനുമുമ്പ് ഏലിയാ വരും എന്ന കർത്താവിന്റെ കാലത്തെ വിശ്വാസം പ്രഭാഷകൻ എടുത്ത് പറയുന്നുണ്ട്: "ദൈവത്തിന്റെ കോപം ആളിക്കത്തുന്നതിന് മുമ്പ് അതിനെ തണുപ്പിക്കുന്നതിനും പിതാവിന്റെ ഹൃദയത്തെ പുത്രനിലേക്ക് തിരിക്കുന്നതിനും വേണ്ടി അങ്ങനെ യാക്കോബിന്റെ ഗോത്രങ്ങളെ പുനഃസ്ഥാപിക്കുന്നതിനും വേണ്ടി നിശ്ചിത സമയത്ത് നീ (ഏലിയ) തിരിച്ചുവരുമെന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ" (48:10; ലൂക്കാ 1:16-17). ദൈവത്തെ 'പിതാവേ' എന്ന് വിളിച്ചുകൊണ്ടാണ് പ്രഭാഷകൻ പ്രാർത്ഥിക്കുന്നത്: "എന്റെ പിതാവും ജീവിതത്തിന്റെ നിയന്താവുമായ കർത്താവേ, അവയുടെ ഇഷ്ടത്തിന് എന്നെ ഏൽപിച്ചു കൊടുക്കരുതേ! അവ നിമിത്തം ഞാൻ വീഴാനിടയാക്കരുതേ! എന്റെ ചിന്തകളെ നേർവഴിക്കു നയിക്കാൻ ഒരു ചാട്ടയും എന്റെ വികാരങ്ങൾക്ക് വിവേകപൂർണ്ണമായ നിയന്ത്രണവും ഉണ്ടായിരുന്നെങ്കിൽ! എന്റെ പാപങ്ങൾ ശിക്ഷിക്കപ്പെടാതെ പോവുകയില്ല; എന്റെ കുറ്റങ്ങൾ അവഗണിക്കപ്പെടുകയുമില്ല. എന്റെ പാപങ്ങളും കുറ്റങ്ങളും പെരുകി ഞാൻ എന്റെ ശത്രുക്കൾക്ക് കീഴ്പ്പെടുകയോ, അവർ എന്നെച്ചൊല്ലി സന്തോഷിക്കുകയോ ചെയ്യുകയില്ല; എന്റെ പിതാവും ദൈവവുമായ കർത്താവേ, എന്റെ ദൃഷ്ടികൾ ഔദ്ധത്യം നിറഞ്ഞതാകരുതേ! അധമവികാരങ്ങൾക്ക് ഞാൻ അടിമയാകരുതേ! അമിതമായ ആഹാരപ്രിയമോ ഭോഗാസക്തിയോ എന്നെ കീഴ്പ്പെടുത്താതിരിക്കട്ടെ! നിർലജ്ജമായ വികാരങ്ങൾക്ക് എന്നെ ഏൽപിച്ചുകൊടുക്കരുതേ" (23:1-6). ദൈവത്തിനു കൃതജ്ഞതയർദ്ധിപ്പിച്ചുകൊണ്ട് പ്രഭാഷകൻ മറ്റൊരിക്കൽ പറയുന്നതിങ്ങനെയാണ്: "ക്ലേശകാലങ്ങളിൽ അഹങ്കാരികളുടെ മദ്ധ്യേ, ഞാൻ നിരാശ്രയനായി നിന്നപ്പോൾ എന്നെ ഉപേക്ഷിക്കരുതേ എന്ന് എന്റെ നാഥനും, പിതാവുമായ കർത്താവിനോട് കേണപേക്ഷിച്ചു" (51:10). ദൈവത്തെ അഭിഷിക്തനായ രാജാവിന്റെ പിതാവായി സങ്കീർത്തനങ്ങളും, ദൈവത്തെ ഇസ്രായേൽ സമൂഹത്തിന്റെ പിതാവായി നിയമാവർത്തനപുസ്തകവും പ്രവാചകന്മാരും വിഭാവനം ചെയ്യുന്നുണ്ട്: "അവിടുന്നെന്നോട് അരുൾചെയ്തു, നീ എന്റെ പുത്രനാണ് ഇന്നു ഞാൻ നിനക്ക് ജന്മം നല്കി" (സങ്കീ 2:7; 2സാമു 7:14 കാണുക). "ഭോഷരും ബുദ്ധിഹീനരുമായ ജനമേ, ഇതോ കർത്താവിനു പ്രതിഫലം? അവിടുന്നല്ലേ നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ പിതാവ്? (നിയ 32:6) നിങ്ങളുടെ സ്രഷ്ടാവും പരിപാലകനും അവിടുന്നല്ലേ?" "ഞാൻ ഇസ്രായേലിനു പിതാവാണ് എഫ്രായിം എന്റെ ആദ്യ ജാതനും" (ജറെ 31:9)."അബ്രഹാം ഞങ്ങളെ അംഗീകരിക്കുന്നില്ലെങ്കിലും അങ്ങാണ് ഞങ്ങളുടെ പിതാവ്..." (ഏശ 63:16). "... എന്നാലും കർത്താവേ അങ്ങ് ഞങ്ങളുടെ പിതാവാണ്. ഞങ്ങൾ കളിമണ്ണും അങ്ങ് കുശവനുമാണ്" (ഏശ 64:8). "നമുക്കെല്ലാം ഒരേ പിതാവല്ലേ ഉള്ളത്? ഒരേ ദൈവം തന്നെയല്ലേ നമ്മെ സൃഷ്ടിച്ചത്" (മലാ 2:10). എന്നാൽ ദൈവത്തെ ഒരു സാധാരണ വ്യക്തിയുടെ പിതാവായി കാണുന്നത് വി. ഗ്രന്ഥകാരന്മാരിൽ ആദ്യം പ്രഭാഷകനാണ്. ദൈവത്തെ വ്യക്തിപരമായി പിതാവേ എന്നു വിളിക്കുന്നത് ജ്ഞാനഗ്രന്ഥങ്ങളുടെ പൊതുസ്വഭാവത്തിന് ചേർന്നതാണെന്നു പറയാം, കാരണം ജ്ഞാനി അന്വേഷിക്കുന്നതും കണ്ടെത്താനാഗ്രഹിക്കുന്നതും മനുഷ്യന്റെ വ്യക്തിപരമായ ജീവിതത്തിൽ ഇടപെടുന്ന സ്രഷ്ടാവായ ദൈവത്തെയാണ്. രാജ്യത്തിന്റെ ചരിത്രത്തിലും പ്രപഞ്ചത്തിലെ വലിയ സംഭവങ്ങളിലും എന്നതിനെക്കാൾ ഉപരി, വ്യക്തികളുടെ അനുദിന ജീവിതത്തിലിടപെടുന്ന ദൈവത്തെ അന്വേഷിക്കുന്ന ജ്ഞാനി ദൈവം തന്റെ പിതാവാണ് എന്ന് തിരിച്ചറിയുന്നതാണ് പുതിയ നിയമത്തോടടുത്തു നില്ക്കുന്ന പ്രഭാഷകനിലെ ഏറ്റവും വലിയ ജ്ഞാനവെളിപാടെന്ന് പറയാം. അത് സ്വന്തമാക്കികൊണ്ട് പ്രഭാഷകൻ തന്റെ ജ്ഞാനത്തിന്റെ ആഴവും വ്യാപ്തിയും വെളിപ്പെടുത്തുകയും, ഏറ്റവും വലിയ ജ്ഞാനിയാണ് താനെന്ന് പ്രഘോഷിക്കുകയും ചെയ്തു. ഈ ഉൾക്കാഴ്ചയും, അതിനനുസൃതമായ ജീവിതത്തിലെ എല്ലാ മേഖലകളെയും സ്വാധീനിക്കുന്ന ഉപദേശങ്ങളും സൂക്തങ്ങളുമടങ്ങിയ ഗ്രന്ഥവുമാകയാൽ അത് യഹൂദരുടെ ഇടയിൽത്തന്നെ വലിയ പ്രചാരം നേടുകയും രണ്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഹീബ്രുവിൽ രചിക്കപ്പെട്ട ഗ്രന്ഥം അതേ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഗ്രീക്കിലേയ്ക്ക് തർജ്ജമ ചെയ്യപ്പെടുകയും യഹൂദരുടെ ദൈവനിവേശിത ഗ്രന്ഥത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു (LXX). ഒന്നാം നൂറ്റാണ്ടിലെ റബ്ബിമാർ പ്രഭാഷകനിൽനിന്ന് ഉദ്ധരിക്കുന്നതായി കാണുന്നുണ്ട്. എന്നാലിന്ന് പ്രഭാഷകനെ ദൈവനിവേശികമായി യഹൂദർ കണക്കാക്കുന്നില്ല. പ്രൊട്ടസ്റ്റന്റ് നവീകരണ കാലഘട്ടത്തിൽ യഹൂദരുടെ കാനൻ അടിസ്ഥാനപരമായി സ്വീകരിച്ച ലൂഥർ പ്രഭാഷകനെ അപ്പോക്രിഫയായി മാറ്റിനിർത്തി.